# ഗദ്യവും പദ്യവും നിനക്കു മാത്രം

സുആദ് മുഹമ്മദ് സബാഹ്

الشعر والنثر لك وحدك

വിവർത്തനം

ഡോ. അബ്ബാസ് .കെ.പി

എന്റെ വിശേഷങ്ങളൊന്നും

നീ തിരക്കരുത്

നീ മാത്രമാണ് എനിക്കെല്ലാം.

എന്റെ വിശേഷങ്ങളിൽ എറ്റവും
മധുരതരമായത് നീയാണ്.

നീ മാത്രമാണ് എനിക്കെല്ലാം.

നിനക്കു ശേഷം ലോകം മുഴുവൻ എനിക്ക്
ധൂളികൾ മാത്രമാണ്

**സുആദ്**

ഓ മനുഷ്യാ,

വിധി പോലെ

എന്റെ

കോശങ്ങൾക്കിടയിൽ
അലഞ്ഞുതിരിയുന്നവനേ....

**സുആദ്**

നിങ്ങൾ എല്ലാ സ്ഥലങ്ങളും
കോളനിവത്കരിച്ചതിന് ശേഷം

എനിക്കിനി ഒരിടമില്ല.

നിങ്ങൾ എല്ലാ കാലത്തെയും
കണ്ടുകെട്ടിയതിന് ശേഷം എനിക്കിനി ഒരു
കാലവുമില്ല.

**സുആദ്**

**ആമുഖം**

സന്തോഷത്തിന്റെ ശകടത്തിൽ  മുറുകേ പിടിക്കാൻ ഞാൻ ശ്രമിക്കുന്നു.

ഉടയോൻ എന്നെ വിരലുകളിൽ പ്രഹരിക്കുന്നുണ്ട്.

വാക്കുകളുടെ കയറുകളിൽ പറ്റിപ്പിടിക്കാൻ ഞാൻ ശ്രമിക്കുന്നു.

സൂര്യനാലും വെയിലിനാലും അലംകൃതമായ

നിന്റെ സുന്ദര കാലത്തെ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണു ഞാൻ.

മഴ എന്നെ ആക്രമിക്കുന്നു..

ഒപ്പം കൊടുങ്കാറ്റും എന്നെ ബാധിക്കുന്നുണ്ട്.

ഇത് ആകുലതയുടെ പിരിമുറുക്കത്തിന്റെ

ദു:ഖ സാന്ദ്രമായ സമയത്തിന്റെ

വാക്കുകളാണ്.

അയതിനാൽ നിങ്ങൾ എന്റെ സങ്കടം ഇഷ്ടപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഞാൻ  കാത്തിരിക്കുന്ന

എന്റെ യജമാനനേ... നീണ്ട
കാത്തിരിപ്പിനൊടുവിൽ

കുറച്ച് ദിവസങ്ങൾക്ക് ശേഷം

ഞാൻ ലണ്ടൻ വിടുന്നു...

കുറച്ചു നാളുകൾക്കുള്ളിൽ

എന്റെ പറുദീസയും തടവറയുമായ

ബിയർ പാലസ് * ഞാൻ വിട്ടു പോകുകയാണ്.

അവിടമെൻ പറുദീസയാവാൻ കാരണം

എന്റെ ഏറ്റവും മനോഹരമായ ഓർമ്മകളെ
സമ്പന്നമാക്കുന്ന

അവിടുത്തെ ഓഫീസും സലൂണും
മുറികളുമാണ്.

അവിടയെൻ തടവറയാവാൻ കാരണം

നീയും നിന്റെ മക്കളും എന്റെ
ഓർമ്മകളുമടങ്ങിയ

പരിശുദ്ധത്രിത്വത്താൽ

നിങ്ങളുടെ അഭാവത്തിൽ ഞാൻ
ഉപരോധിക്കപ്പെട്ടു എന്നതാണ്.

വീട്ടിൽ ഞാനൊരിക്കലും തനിച്ചായിരുന്നില്ല...
രാവും പകലും കാവലുണ്ടായിരുന്നെനിക്ക്.

ഉമ്മറപ്പടിയിൽ

നിങ്ങളുടെ നയനങ്ങൾ വരക്കപ്പെട്ടിട്ടുണ്ട് .

തിരശ്ശീലയ്ക്ക് പിന്നിൽ

നിങ്ങളുടെ പുഞ്ചിരി എത്തി നോക്കുന്നുണ്ട്.

നിങ്ങളുടെ ശബ്ദം വീട്ടിലുടനീളം
പ്രതിധ്വനിക്കുന്നു:

ഞാൻ നിന്നെ സ്നേഹിക്കുന്നു...

*ബ്രിട്ടീഷ് നാട്ടിൻപുറത്തുള്ള ഞങ്ങളുടെ വീട്

## ഷോപ്പിംഗ്

മരതക കമ്മൽ പോലെ നിന്നെ ഞാൻ എന്റെ ചെവിയിൽ ഞാത്തിയിടും

ലണ്ടനിലെ തിരക്കേറിയ തെരുവുകളിലേക്ക് കൊണ്ടുപോകും, ഞാൻ ദൈവത്തിൽ ഭരമേൽപ്പിക്കുന്നു.

എന്റെ ഷോപ്പിങ് ബാഗിൽ ഒരു പുതിയ വസ്ത്രം പോലെ ഞാൻ നിന്നെ ഒളിപ്പിച്ചു വെക്കും.

ഒരു കുട്ടിയെപ്പോലെ

എസ്കലേറ്ററുകളിൽ ഞാൻ നിന്നോടൊപ്പം ചാടി കളിക്കും

തിരക്കുപിടിച്ച സമയത്ത് സഹായിക്കുന്നവനെപ്പോലെ

ഞാൻ നിന്റെ കൈകളിൽ മുറുകെ പിടിക്കുകയും

കൈതണ്ടയിൽ ചാരി നിൽക്കുകയും ചെയ്യും

ഞാൻ നിന്നെ എന്റെ കൈത്തണ്ടയിൽ ഒരു സ്വർണ്ണ വളയായി അണിയിക്കും,

മഴയെ പരിഹസിച്ചു ആളുകളെ പരിഹസിച്ചു
സ്നേഹത്തെ ആശ്രയിച്ചു

ഞാൻ നിന്നോടൊപ്പം

റീജന്റ് സ്ട്രീറ്റിനും നൈറ്റ്സ് ബ്രിഡ്ജിനും
ഇടയിലുള്ള കൃഷിയിടങ്ങളിലേക്ക്
ഇടയ്ക്കിടെ പോകും

അറബ് ചരിത്രത്തിൽ നിന്ന്

ഒരു അവധിക്കാലമെടുത്ത്

ലോകാവസാനം വരെ

ഞാൻ നിന്നോടൊപ്പം വരും.

# നീയില്ലാത്ത വീട് ശോകമൂകമാണ്

ഞങ്ങളുടെ അമ്പത്തിയാറാം വിവാഹ വാർഷികത്തിൽ (സെപ്റ്റംബർ 18) എഴുതിയത്.

(1)

പ്രിയനേ

ഞാൻ പ്രണയത്തിലാണ്.. .

സ്ത്രീക്ക് അവളുടെ യരികിൽ എന്റെ പ്രിയനേയെന്നു

വിളിക്കാൻ ഒരാളുണ്ടാവുകയെന്നത് അതിമനോഹരമാണ്.

ഒരു സ്ത്രീ പ്രഭാതത്തിൽ കണ്ണുതുറന്നു താൻ സുഗന്ധക്കടലിൽ മുങ്ങിമരിക്കുന്നതായി കാണുകയെന്നത് അത്ഭുതം തന്നെ

(2)

ഓ, എൻ പ്രയനേ നീയില്ലാതെ വീട് വളരെ ശോകമൂകമാണ് നീയില്ലാതെ എന്റെ ജീവിതം വളരെ മരവിച്ചതാണ്.

നിന്നരികിലല്ലാതെ

മറ്റൊരിടവും എനിക്ക് ചൂടേകാനില്ല

(3)

ഓ, എൻ പ്രിയനേ

ഗാനങ്ങളാലും മരതകങ്ങളാലും ഡെയ്സി പൂക്കളാലും എന്നെ രൂപപ്പെടുത്തിയവനേ, ആർദ്രതയുടെ മഴയിൽ എൻ പുൽനാമ്പുകളെ നനയിച്ചവനേ

എന്നെ സുരക്ഷിതത്വത്തിലേക്ക് കൊണ്ടെത്തിച്ചവനേ, ഭയചകിതയായ ഒരു സ്ത്രീ സുരക്ഷിതത്വമനുഭവിക്കുകയെന്നതിന്റെയർത്ഥം നീ മനസ്സിലാക്കിയിട്ടില്ല.

## കുപ്പി കഴുത്തിലെ സ്ത്രീ

**-1-**

പ്രണയത്തെക്കുറിച്ചുള്ള നടപ്പു സംസാരം എനിക്ക് മടുത്തിരിക്കുന്നു.

അതിനാൽ  പ്രിയനേ

പുതിയ സംസാരം നമുക്ക് കണ്ടെത്താം.

ഉപ്പിന്റെ നഗരങ്ങളിൽ ജീവിക്കുന്നതെനിക്ക് വെറുപ്പായിരിക്കുന്നു

അതിനാൽ

ദൂരെയുള്ള ഒരിടം

പ്രിയനേ, നമുക്ക് കണ്ടെത്താം,

താഴ്‌വരകളിലെ കാശിത്തുമ്പയിലേക്ക് പോകാൻ ഞാനാഗ്രഹിക്കുന്നു.

എല്ലാത്തിൽ നിന്നും സ്വതന്ത്രയാവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്.

യുഗാന്ത്യം വരെ പോവാനുമെനിക്കാഗ്രഹമുണ്ട്.

-2-

എന്റെ പ്രിയനേ.

ഞാനിപ്പോഴും കുപ്പിയുടെ കഴുത്തിൽ ബന്ധിതനാണ്,

എന്റെ കവിതയും... ചിന്തകളുടെ മിന്നലാട്ടമെല്ലാം

കുപ്പിയുടെ കഴുത്തിനരികിലൂടെ

കടന്നുപോകുന്നു ... , പിന്നെ എങ്ങിനാണ് ഞാൻ നീണ്ട ഈ ഉപരോധത്തിൻ കീഴിൽ നിന്നെ സ്നേഹിക്കുക?

ഞാൻ പുറത്തുകടക്കുന്ന സമയം ഒരു വാൾ നിർണ്ണയിക്കുന്നു,

മറ്റൊരു വാൾ എന്റെ പ്രവേശന സമയം ക്ലിപ്തപ്പെടുത്തുന്നു.

ഋതുക്കൾ കടന്നുപോകുന്നുവെങ്കിലും

അവയുടെ പേരുകൾ ഞാൻ ഓർക്കുന്നില്ല,

ഏപ്രിൽ മാസം

എന്റെ വാതിലിൽ മുട്ടാറില്ല ,.

സെപ്റ്റംബർ മേഘങ്ങൾ

എന്റെ വയലുകളെ നനയ്ക്കാറില്ല.

-2 -

ഒരുപാട് ഞാൻ ക്ഷമിച്ചു ,

ഈന്തപ്പനയുടെ ക്ഷമ
എനിക്കുണ്ടായിരുന്നെങ്കിലെന്ന് ഞാൻ
ആശിക്കുന്നു.

ആയിരക്കണക്കിന് മ്ലേച്ഛതകൾ

എന്റെ കണ്ണുകളെ ബാധിച്ചിട്ടുണ്ട്,

ഞാനിപ്പോഴും മനോഹരമായ എല്ലാം സ്വപ്നം
കാണുന്നു.

എല്ലാത്തിൽ നിന്നും... സ്വതന്ത്രയാകാൻ ഞാൻ
ആഗ്രഹിക്കുന്നു.

വിട പറച്ചിലിന്റെ സമയം തീരുമാനിക്കുക

നിന്റെ ശക്തമായ കരങ്ങളാൽ
അസംഭവ്യമായ കാലത്തിലേക്കും

കവിതയുടെ കാലത്തിലേക്കുമെന്നെ കൊണ്ടു
പോകൂ

-3-

കണ്ണാടിയിലെ സംഭാഷണം ഞാൻ
വെറുത്തിരിക്കുന്നു.

കളപ്പുരയിൽ

രാപ്പകലുകളായുള്ള ഇരുത്തവും ഞാൻ വെറുത്തിരിക്കുന്നു.

നിലവിളിക്കാനുള്ള അവകാശവും വെല്ലുവിളിക്കാനും ദേശ്യപ്പെടുവാനുമുള്ള അവകാശവും

എനിക്ക് തിരിച്ചുപിടിക്കണം.

മുന്തിരി വള്ളികൾ പോലെ, കവിതകൾ വളരുന്ന ഒരിടം

എനിക്ക് ഈ ഭൂമിയിൽ വേണം.

എന്റെ ഹൃദയം കാഠിന്മുള്ളതായിരിക്കുന്നു ,

ഞാൻ

മരത്തടിയിൽ തീർത്ത പെണ്ണായി മാറിയിരിക്കുന്നു .

എന്റെ ബുദ്ധി മരവിച്ചിരിക്കുന്നു

എന്റെ മനസ്സിനെ വിറകായി സങ്കൽപ്പിക്കാൻ കഴിയില്ല, ശുദ്ധവായുവും

കരിമ്പിൻ വയലുകളിലെ കാറ്റിന്റെ സ്വാതന്ത്ര്യവും

ഞാൻ ആഗ്രഹിക്കുന്നു

-4-

എന്റെ മുഖത്തെ വൃത്താകൃതിയും

എന്റെ കണ്ണുകളുടെ നിറവും ഞാൻ വെറുത്തു.

തടവറയിലെ ഭക്ഷണത്തോടുമെനിക്ക് വെറുപ്പാണ്

സ്ത്രീത്വത്തിനും മുല്ലപ്പൂവിനുമെതിരെ നിൽക്കുമ്പോൾ,

ഗോത്രത്തോടുമെനിക്ക് വെറുപ്പാണ്.

എന്നെ കീഴ്പ്പെടുത്താൻ

മാധുര്യമുള്ള വാക്കുകൾ പറയുമ്പോൾ

ആ ഗോത്രത്തിലെ പുരുഷന്മാരെ ഞാൻ വെറുക്കുന്നു.

എന്റെ മാംസത്തെ മാന്തി പറിച്ച
അന്ധവിശ്വാസങ്ങളെ ഞാൻ വെറുത്തു...
അവർ തന്ന മുലപ്പാലിനോടും എനിക്ക്
വെറുപ്പാണ്.

മരിച്ചവരുടെ ആധിപത്യത്തെ

ഞാൻ എതിർത്തു

അവർ എന്നെ പഠിപ്പിച്ച എല്ലാ കൽപ്പനകളും ഞാൻ ലംഘിച്ചു... കൊടുങ്കാറ്റുകൾക്കെതിരെ ഞാൻ ഒറ്റയ്ക്ക് നിന്നു...

എന്റെ ഭ്രാന്തിനെയല്ലാതെ

ഈ ഭൂമിയിൽ സുഹൃത്തായി ഞാൻ ഓരാളെയും സ്വീകരിച്ചിട്ടില്ല.

**എന്നെ അരാജകത്വത്തിലേക്കും**

**ബാല്യത്തിലേക്കും കൊണ്ടുപോകൂ..**

എന്റെ സ്ത്രീത്വത്തിലേക്ക് എന്നെ കൊണ്ടുപോകൂ.. എന്റെ യാഥാർത്ഥ്യത്തിലേക്ക് എന്നെ കൊണ്ടുപോകൂ.. കാലത്തിനും ദിവസങ്ങൾക്കു മപ്പുറത്തുള്ളതിലേക്ക് എന്നെ കൊണ്ടുപോകൂ.. വെളിപാടിനും സംസാരത്തിനുമപ്പുറത്തുള്ളതിലേക്ക് എന്നെ കൊണ്ടുപോകൂ, കാരണം ഞാൻ ഉറങ്ങാൻ ആഗ്രഹിക്കുന്നു.

ഒരു വാക്കിന്റെ

കൺപോളകൾക്ക് കീഴിൽ,

ഒരു പുസ്തകത്തിന്റെ പുറംചട്ടയിൽ,

വെളിച്ചത്തിന്റെയും മേഘങ്ങളുടെയും അതിരുകളിൽ

നിന്നോടൊത്തുള്ള വാസം എത്ര സുന്ദരം .

നേരം വെളുക്കുമ്പോൾ ചിന്തിക്കാതെയും , നിർഭയമായും , ഖേദിക്കാതെയും

നിന്നോടൊപ്പം

ഓടി രക്ഷപ്പെടുന്നത്

എത്ര മനോഹരമാണ് ...

ഒരു പ്രാവിനെപ്പോലെ നിൻ നെഞ്ചിൽ വസിച്ചിരുന്നെങ്കിലെന്ന്

ഞാൻ ആഗ്രഹിക്കുന്നു.

ശേഷം, പുനരുത്ഥാനം വരട്ടെ! പ്രളയം തുടങ്ങട്ടെ...

അധരങ്ങളിലും

നയനങ്ങളിലും രാത്രി സഞ്ചാരം നടത്തുന്നവനെ,

കടലിലെ ഫലങ്ങളും ആഴക്കടലിലെ പുല്ലുകളും ഭക്ഷിക്കുന്നവരേ

അജ്ഞാതമായ ലക്ഷ്യസ്ഥാനങ്ങളിലേക്ക് എന്നെ കൊണ്ടുപോകൂ.. ബാല്യത്തിലേക്കും അരാജകത്വത്തിലേക്കുമെന്നെ കൊണ്ട് പോകൂ .

എന്റെ എല്ലാ പൈതൃകവും...ഗോത്ര ജ്ഞാനവും എടുക്കുക.

ചക്രവാളത്തിൽ

സൂര്യനെ ഉണ്ടാക്കിയവനേ

നീ ആഗ്രഹിക്കുന്നിടത്തേക്ക് എന്നെ കൊണ്ടുപോകൂ, സമയത്തിന്റെ

പരിധിക്കപ്പുറത്തേക്ക് എന്നെ കൊണ്ടുപോകൂ, കാരണം നിന്റെ കാര്യത്തിലെനിക്ക് മറ്റൊരു ചിന്തയില്ല ,

നിന്റെ കൂടയല്ലാതെ മറ്റൊരു നിലപാടും ഞാൻ സ്വീകരിച്ചിട്ടില്ല.

ഒരു മടിയും കൂടാതെ എന്നെ ഇന്ത്യയിലേക്കോ സിന്ധിലേക്കോ കൊണ്ടുപോകൂ

ചൂടിന്റെയും, തണുപ്പിന്റെയും കവയത്രിയല്ല ഞാൻ

കൂടെ

പുസ്തകങ്ങളോ , ബാഗുകളോയില്ല ,

നീയില്ലാത്ത ഒരു നാട്ടിലും ഞാൻ രാപ്പാർക്കില്ല

# 2

**ഒരു പുരുഷൻ സമത്വത്തിന് ആഹ്വാനം ചെയ്യുന്നുണ്ടെങ്കിൽ**

**അവൻ സ്ത്രീത്വത്തിന്റെ നറുമണം ആസ്വാദിച്ചിട്ടുണ്ടെന്നതുറപ്പാണ്.**

ഞാൻ എന്റെ ന്യായമായ അവകാശങ്ങൾ ആവശ്യപ്പെട്ടപ്പോൾ, നിങ്ങളെൻ നേർക്ക് നിങ്ങളുടെ ഹൃദയത്തിന്റെ വാതിലുകൾ കൊട്ടിയടച്ചു.

അറബി പുരുഷൻ

പ്രതിരോധശേഷി നഷ്ടപ്പെട്ടവനാണ്

അതിനാലാണവൻ

പെൺ സുഗന്ധം വാസനിക്കുമ്പോൾ

അബോധാവസ്ഥയിലാകുന്നത്.

ഒരു പുരുഷന്റെ എല്ലാ ശക്തിയും ഒരു സ്ത്രീയുടെ കൈകളിൽ ബാഷ്പീകരിക്കപ്പെടുന്നു.

പുരുഷൻ സ്ത്രീയോട് പറയുന്നു:

ഞാൻ നിന്നെ സ്നേഹിക്കുന്നു..

അവൻ അവളെ  ചുബിക്കുമ്പോൾ മാത്രമാണിത് പറയുന്നത്.

ശേഷം

പറഞ്ഞത് അവൻ മറക്കുന്നു.

അവന്റെ ചിന്തകൾ അതിന്റെ പരിധികൾ

കണ്ടെത്തുന്നു വിപുലീകരണ നയം അവസാനിപ്പിക്കുകയും ചെയ്യുന്നില്ല.

അധികമാവുമോയെന്ന് ഭയന്ന്

ഒരു പുരുഷൻ സ്ത്രീയെ തന്നോടൊപ്പം സ്വാതന്ത്ര്യത്തിന്റെ മധുരം പങ്കിടാൻ അനുവദിക്കുന്നില്ല.

കോട്ടിന്റെ ബട്ടൺ ദ്വാരങ്ങളിൽ മാത്രം സ്ഥാനമുള്ള

റോസാപ്പൂവായി

സ്ത്രീകളെ

പരിഗണിക്കുന്ന പുരുഷൻമാരുമുണ്ട്

പുരുഷൻ പ്രകൃത്യാ ഒരു സ്വേച്ഛാധിപതിയായ കൊളോണിയലിസ്റ്റാണ്.

സ്ത്രീ വിപ്ലവം നടത്തിയില്ലെങ്കിൽ രാത്രി നീണ്ടുനിൽക്കും.

ഫ്യൂഡൽ രീതിയിൽ അവൻ സ്ത്രീകളുടെ

വിളകൾ പിടിച്ചെടുക്കുകയും

അവ പൊതു ലേലത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

സ്ത്രീ പുരുഷന്റെ  ചരക്കു മാത്രമാണ് അതുകൊണ്ടാണ് അയാൾ കമ്പോളത്തെ കുത്തകയാക്കിയതും

അമ്മയെ നിലനിർത്തി

മറ്റെല്ലാ സ്ത്രീകളെയും തന്റെ ഓർമ്മയിൽ നിന്ന് നീക്കം ചെയ്യുന്നതും .

സ്ത്രീ ശരീരം പ്രായമാകാതിരിക്കാൻ

ഒരു ഭീമാപത്രം എടുക്കുന്നു .

എന്നാൽ  കമ്പനികൾ

പുരുഷ ശരീരത്തെ ഈ വിഷയത്തിൽ സ്വീകരിക്കാറില്ല

ഒരു പരിഷ്കൃത പുരുഷൻ മാത്രമാണ്  സ്ത്രീ ശരീരത്തോട് പരിഷ്കൃതമായ രീതിയിൽ ഇടപെടുന്നവൻ.

പുരുഷനോട് പ്രശ്നമുള്ളവളല്ല ഞാൻ

പക്ഷേ അവന്റെ ആധിപത്യ സ്വഭാവത്തോടെനിക്ക്  സഹതാപമുണ്ട് ...

ഹേ പുരുഷാ...

നിന്റെ അഹങ്കാരമിറക്കി വെയ്ക്കൂ.

 ശരീരത്തിന്റെ കോലാഹലങ്ങളിൽ

നിന്നു മാറിയിരുന്ന് നമുക്കൊരു സംഭാഷണം നടത്താം.

പ്രപഞ്ച ദർപ്പണത്തിൽ

നിങ്ങൾ നിങ്ങളെ മാത്രം കാണുന്നതിനാലാണ് നിങ്ങൾക്ക് ലോകം നഷ്ടപ്പെട്ടത്.

കാർഷിക പരിഷ്കരണത്തിന്റേയും ഫ്യൂഡലിസത്തിനെതിരായ പോരാട്ടത്തിന്റേയും കാലഘട്ടത്തിൽ

 ഒരു കാർഷിക ഭൂമിയെന്ന നിലക്ക്

നീ എന്നോട് പെരുമാറുന്നത് പ്രയാസകരമാണ്.

 നീ അങ്ങേയറ്റം സ്വാർത്ഥനും..

നാർസിസ്റ്റും

സാഡിസ്റ്റുമാണ്

നിന്നെ അറിയുന്ന ഓരോ സ്ത്രീയും..

അവളുടെ മാനസിക നില തെറ്റും മുമ്പ്

നിന്നിൽ നിന്നും

ഓടിരക്ഷപ്പെട്ടിട്ടുണ്ട്.

അധികാരം മുലയൂട്ടുന്ന ഒരാളെ
വിശ്വസിക്കരുതെന്ന് അച്ഛൻ എന്നെ

ഉപദേശിച്ചിട്ടുണ്ട്

ഒരു സ്ത്രീയുടെ മനസ്സിന് വില കൽപ്പിക്കാത്ത
പുരുഷനെ ബഹുമാനിക്കരുതെന്ന് എന്റെ അമ്മ
എന്നെ ഉപദേശിച്ചിട്ടുണ്ട്.

പ്രകൃതം മാറ്റി കളിക്കുന്ന ഒരു പുരുഷനോടും

ഒരു ബന്ധവും സ്ഥാപിക്കരുതെന്നും അമ്മ
എന്നെ ഉപദേശിച്ചിട്ടുണ്ട്

# 3

## മനുഷ്യൻ കെട്ടിച്ചമയ്ക്കുകയും ശേഷം സത്യപ്പെടുത്തുകയും ചെയ്യുന്ന കളവാണോ പ്രണയം

പ്രണയം.. എല്ലാ മനുഷ്യർക്കുമുള്ള

ദേശീയ ദിനമാണ്

അന്ന് പൊതു സമാഹരണവും

വൈകാരിക അവകാശങ്ങൾക്കുള്ള
മുൻഗണനയും

പ്രഖ്യാപിക്കുന്നു

നിന്റെ കണ്ണുകളുടെ തുറമുഖത്ത് ഞാൻ
കൂറേ നേരം നിൽക്കുന്നില്ല

എന്റെ കപ്പലുകൾ കാത്തിരിക്കുന്ന

കടലുകൾ അവിടെ പലതുണ്ട്.

ക്ലെഡർമാന്റെ സംഗീത ശലഭങ്ങൾ ഇടം
നിറയുമ്പോൾ നിന്റെ ഹൃദയചാരത്ത്

തളർന്ന കുട്ടിയെ പോലെ.

ഞാൻ ഉറങ്ങുന്നു..

സ്നേഹത്തിന്റെ മുദ്രാവാക്യം ഒഴികെ

ഞാൻ ഉയർത്തിയ മുദ്രാവാക്യങ്ങളെല്ലാം
ശരത്കാല മരങ്ങൾ പോലെ വീണു
കിടക്കുന്നു.

പ്രണയം

ആവർത്തിക്കപ്പെടാത്ത ജൻമമാണ്

അതിന്‌റെ പ്രസവ വേദനയാവട്ടെ

കൂടുതൽ വേദനാജനകവും

മുകുളം പിളരുന്നതിനേക്കാള്

ശംഖ് മുറിവിന്റെ വേദനയേക്കാൾ.

ചന്ദ്രൻ നഗ്നനായി പുറത്തിറങ്ങി

മഞ്ഞുമലയുടെ പിന്നിൽ നിന്ന്..

ഒരു താരത്തെ കാണാൻ...

അവൾ ഒരു ഷാൾ കൊണ്ട് മറഞ്ഞു

പ്രണയം ജനിക്കുന്ന ഗ്രാമത്തിൽ...

എല്ലാ രാത്രിയും.

സ്നേഹത്തിന്റെ മുദ്രാവാക്യം ഒഴികെ

ഞാൻ ഉയർത്തിയ മുദ്രാവാക്യങ്ങളെല്ലാം ശരത്കാല മരങ്ങൾ പോലെ വീണു കിടക്കുന്നു.

പ്രണയം

ആവർത്തിക്കപ്പെടാത്ത ജൻമമാണ്

അതിന്റെ പ്രസവ വേദനയാവട്ടെ

മുകുളം വിടരുന്ന

വേദനയേക്കളും

ചിപ്പിയിൽ നിന്ന് മുത്ത് പുറത്തു വരുന്ന

വേദനയേക്കാളും

കൂടുതൽ വേദനാജനകമത്രെ.

എല്ലാ രാത്രിയും

പ്രണയം ജനിക്കുന്ന ഗ്രാമത്തിൽ...

മേഘ ഷാൾ കൊണ്ട് മറഞ്ഞ

ഒരു താരകത്തെ കണ്ടുമുട്ടാൻ

മഞ്ഞുമലയുടെ പിന്നിൽ

ചന്ദ്രൻ നഗ്നനായി പുറത്തിറങ്ങി

നമ്മുടെ ദിനങ്ങൾ

ഇലകൾ പുതുക്കുന്ന

പൂക്കൾ മാറുന്ന

ഉഷ്ണമേഖലാ വനങ്ങൾ പോലെയാണ്.. .
നമ്മുടെ പ്രണയം പ്രണയിതാക്കളുടെ
സ്ഥിരമായ വിലാസമായി തുടരുന്നു.

മലകളുടെയും താഴ്‌വരകളുടെയും
അരികിൽ...

നമുക്ക് നമ്മുടെ പ്രണയത്തിന്റെ
സിംഫണി പാടാം .

അതിന്റെ രക്തത്തിൽ

മെലഡികൾ നമുക്ക് ശേഖരിക്കാം'

ഞാൻ നിന്നെ പ്രണയിച്ചിരുന്നില്ലെങ്കിൽ

എൻ രക്തത്തിൽ.

ഈ ബഹളം ഉണ്ടാകില്ലായിരുന്നു...

നീയൊരു
അരാജകവാദിയായിരുന്നില്ലെങ്കിൽ,

എൻ ഹൃദയത്തിൽ

ഈ ചുഴലിക്കാറ്റുകൾ

നീ ഉണ്ടാകുമായിരുന്നില്ല.

ഞാൻ നിന്നെ സ്നേഹിച്ചിരുന്നില്ലെങ്കിൽ
ഈ കോലാഹലം

എൻ ശിരസിൽ ഉണ്ടാകുമായിരുന്നില്ല.

ഞാൻ നിന്നെ സ്നേഹിക്കുന്നതിനാൽ,
എന്റെ മുറിവുകളുടെ തീരത്ത് ഞാൻ
ഏകാന്തയായി നടക്കുന്നു,

എന്റെ കണ്ണുനീർ കൈകളിൽ ഞാൻ
ഉറങ്ങുന്നു.

കാരണം ഞാൻ നിന്നെ സ്നേഹിക്കുന്നു..
പകലിന്റെ കണ്ണുകളിൽ രാത്രി
നീണ്ടുകിടക്കുന്നു.   എൻ പ്രഭാത കാപ്പി

സൂര്യനെനിക്ക് തയ്യാർ ചെയ്ത് തരുന്നു.

ഞാൻ നിന്നെ സ്നേഹിക്കുന്നതിനാൽ,
എന്റെ മുറിവുകളുടെ തീരത്ത് ഞാൻ
ഏകാന്തയായി നടക്കുന്നു,

എന്റെ കണ്ണുനീർ കൈകളിൽ ഞാൻ ഉറങ്ങുന്നു.

കാരണം ഞാൻ നിന്നെ സ്നേഹിക്കുന്നു.. പകലിന്റെ കണ്ണുകളിൽ രാത്രി നീണ്ടുകിടക്കുന്നു.   എൻ പ്രഭാത കാപ്പി

സൂര്യനെനിക്ക് തയ്യാർ ചെയ്ത് തരുന്നു.

ഞാൻ നിന്നെ സ്നേഹിക്കുന്നതിനാൽ ...

നഗരത്തിലേക്കുള്ള പ്രവേശന കവാടങ്ങളിൽ

അവർ എനിക്കായി കഴുമരങ്ങൾ ഒരുക്കുന്നുണ്ട്.

നിങ്ങൾ ഒരു അതുല്യനും അസാധാരണവുമായ മനുഷ്യനായതിനാൽ, അവർ നിങ്ങൾക്ക് നേരെ വാക്കുകളുടെ വെടിയുണ്ടകൾ ഉതിർക്കുന്നുണ്ട്.

എൻ ഭാഗങ്ങൾ എടുത്തു  കൊണ്ട് നീ ഒരു വീട് പണിതതിൽ

ഞാൻ നിന്നെ വിചാരണ ചെയ്യില്ല.

സ്വന്തംസങ്കടങ്ങൾ പക്ഷികൾക്ക്
നഗരങ്ങളായാൽ

പ്രണയികൾക്ക് അത് മതിയാവുന്നതാണ്

അത് ഇടിമിന്നൽ പോലെ വീഴുന്നു ...

നീ യാത്രയാകുമ്പോൾ ...

ഞാൻ ചാരമായി മാറിയിരിക്കും.

വെള്ളം വറ്റുന്നതുവരെയും

ഭൂമിയും ആകാശ ഒരുമിച്ചു ചേരുന്നത്
വരെയും .

നിന്നെ സ്നേഹിക്കുമെന്ന് ഞാൻ സത്യം
ചെയ്തിട്ടുണ്ട്.

നക്ഷത്ര പുറത്ത് കയറി ഞാൻ

നിൻ ചാരത്തെത്തും

അതിനാൽ എന്റെ വിറയ്ക്കുന്ന
കണ്പീലികളിൽ ഒരു
പ്രഭാതമായിരിക്കുക,

നീയെന്നെ ഉപേക്ഷിക്കരുത്.

കുരുവിയെ

പ്രണയിച്ച മത്സ്യം പോലെയാണ് ഞാൻ

അവൻ അവളിലേക്ക് വന്നാൽ അവൻ മുങ്ങി ചാവും

അവൾ അവന്റെയടുത്തേക്ക് പോയാൽ അവൾ മരിക്കും

നിമിഷങ്ങൾക്കുള്ളിൽ എന്നെ കവിതയാക്കി,

ഒരു കുപ്പി അത്തറാക്കി രൂപാന്തരപ്പെടുത്തുന്നവനേ...

എന്റെ സ്ത്രീത്വം കണ്ടെത്തിയവനേ

.... മനുഷ്യൻ വേട്ടയാടലും തീയും പ്രണയവും കണ്ടുപിടിക്കുന്നതിനുമുമ്പ്

എന്നെ കണ്ടുപിടിച്ചവനേ

അത്ഭുതങ്ങളുടെ കാലം അവസാനിച്ചുവെങ്കിലും

നീയാണ് എന്റെ അത്ഭുതം.

ഒരാളൊഴികെ

എല്ലാ പുരുഷന്മാരും

മരീചികയ്ക്കുള്ളിൽ ഒരു മരീചികയായി എനിക്ക് തോന്നുന്നു

അവനാണ് എപ്പോഴും എൻ ലോകം..

അതി കഠിനമായ വേദനയേ...

എന്റെ പേരും

ജനന സർട്ടിഫിക്കറ്റും..

ഒപ്പം എന്റെ കണ്ണുകളുടെ നിറവും

വീണ്ടെടുക്കാൻ

എനിക്ക് കുറച്ചു സമയം തരുമോ...

പ്രസവവേദന പോലെ..

എന്റെ ശരീരത്തിൽ തുളച്ചുകയറുന്നവനേ

എത്ര മധുരമാണ് നിന്റെ ജന്മം!!

നിന്റെ കണ്ണുകളിൽ...

കടൽ അതിന്റെ നിറങ്ങൾ ഒളിപ്പിച്ചു...
നിന്റെ നിഗൂഢതയിൽ നിന്ന് ആളുകളെ
പ്രചോദിപ്പിക്കുന്നതിനായി രാജിവച്ചു.

രാത്രിയുടെ ശരീരത്തിൽ വെളിച്ചമായി
ഞാൻ നിന്നെ എനിക്ക് മാത്രം
അറിയാവുന്ന ഭാഷയിൽ

എഴുതുന്നു..

മേഘത്തെ മഴയുടെ അക്ഷരമാല
പഠിപ്പിച്ചു

അവിടെ  നിന്നും രഹസ്യമായി നിനക്ക്
എഴുതാൻ

നിന്റെ സങ്കടങ്ങളുടെ നിഴലായി ഞാൻ
നടക്കുന്നു.

ജീവിത തുറമുഖത്തുനിന്നും

തിരമാലകളാൽ ഞാൻ നിന്നെ എഴുതുന്നു...

വിരസതയുടെ കണ്ണുകളിൽ

നീയെന്നെ കണ്ണീർതുള്ളികളായി
എഴുതുന്നു..

എന്റെ കാലത്തെ നാവികനേ

വേഗം

തിരിച്ചു വരൂ.. തിരിച്ചു വരൂ

നീയില്ലാത്ത ലോകം വാസയോഗ്യമല്ല നീയില്ലാതെ ഞങ്ങൾ വായിക്കാൻ പറ്റാത്ത വാക്കുകൾ മാത്രമാണ്.

പ്രണയവും കാപ്പി കുടിക്കലും ,പിന്നെ ഒരുപാട് സംസാരവുമായി

ഒരു മലമുകളിലെ ഒരു ചെറിയ മുറിയിൽ നിങ്ങൾ എന്നോടൊപ്പം താമസിച്ചാൽ എന്താണു പ്രശ്നം.

നീയെന്നെ താലോലിച്ചു ,
തകർത്തുകളഞ്ഞു

രാജ്ഞി എന്നു വിളിച്ചു

നിന്റെ നെഞ്ചിൽ

വീണ്ടും എന്നെ ചേർത്ത് വെച്ചാൽ
എന്താണ് പ്രശ്നം

കാട്ടിലെ

ഒരു അണ്ണാനെ

നിങ്ങൾ എന്നെ കളിക്കാൻ വിട്ടാലെന്താണ് ?

സന്തോഷത്തോടെ

രാത്രി ചെലവഴിക്കുന്ന മുത്തുച്ചിപ്പി
പോലെ..

നിന്റെ ശക്തമായ പിടിയിൽ

വർഷങ്ങളോളം നീ എന്നെ
തടവിലാക്കിയാലെന്താണ് ?

സൂര്യാസ്തമയനേരത്ത്

ചക്രവാളം ഇരുണ്ടനേരത്ത്

നിന്നിലേക്ക് എത്താനുള്ള വഴി
കണ്ടെത്താൻ ഞാൻ ശ്രമിക്കുകയാണ്

മുറിവേറ്റിട്ടും

അടങ്ങാത്ത ആഗ്രഹത്തിനു മുമ്പിൽ

ഞാനെന്തു ചെയും.

നിന്റെ ചാരത്തെത്താൻ

സമയം കാറ്റിന്റെ മുറിവ് തുറക്കുന്നു..

നിന്റെ ചോദ്യങ്ങളുടെ മേഘത്തിൽ
നിന്നും മഴ പെയ്യുന്നതും

നിന്റെ മോണയിൽ

എങ്ങനെ ഒരു പൂ വരയ്ക്കണമെന്ന് മഴ പറയുന്നതും

കാത്തിരിക്കുകയാണു ഞാൻ

കാത്തിരിക്കുകയാണ് ഞാൻ.

നന്ദി, നിങ്ങളാണ് പ്രഭാതത്തിൽ തന്നെ

എന്റെ കണ്ണുകളുടെ കണ്ണാടിയിൽ

ആദ്യം സന്നിഹ്ദനായിരിക്കുന്നത്.

അവൾ എവിടെ പോയാലും രാത്രി അവളെ പിന്തുടരുന്നു...

എന്റെ വേദന അവൾക്കു മുന്നിൽ തുറന്നുകാട്ടപ്പെടുന്നു.അങ്ങനെ എനിക്ക് ഉറങ്ങാൻ കഴിയും.

വേദന വേദനയെ വിഴുങ്ങുന്നു... നിന്റെ കണ്ണുകൾ എന്നിലെ ശേഷിപ്പിനെ വിഴുങ്ങുന്നു... നിന്റെ കണ്ണുകളിലെ ഇരുട്ട് നിന്റെ പുഞ്ചിരിയുടെ പ്രകാശത്തിന്റെ കാടായി തിളങ്ങുന്നു...

എന്നെ രക്ഷിക്കൂ.

എന്നെ രക്ഷിക്കൂ .

കാപ്പിക്ക് നിങ്ങളുടെ ശരീരത്തിന്റെ ഗന്ധമുണ്ട്

ഞാനത് മൂക്ക് കൊണ്ട് രുചിച്ചു നോക്കുന്നു.

എന്റെ ദിനങ്ങളിലെ കാപ്പി മധുരമാക്കാൻ

സ്മരണകളിൽ നിന്നും ഞാൻ തേൻ ശേഖരിക്കുന്നു.

സർ..

എന്റെ നാളുകൾ ഹരിതാഭമാക്കാൻ

ഈ മഴമേഘത്തോടുള്ള സ്നേഹം ഏറ്റുപറയൂ...

ചിന്തയുടെ പൂന്തോട്ടത്തിൽ നിന്നും

ജീവിത വസന്തത്തിലെ ഒരു റോസാപ്പൂവ് പറിച്ചെടുക്കൂ.

വാർദ്ധക്യമുള്ള ഒരു ഹൃദയം എനിക്കു തരിക

വെളിച്ചത്തിന്റെ തമ്പുരാനേ... ഞാനിവിടം തിരഞ്ഞെടുത്തു...

ഓർമ്മയുടെ വനത്തിൽ

നിന്റെ സ്വരത്തിന് ചുണ്ടുകളുടെ ആകൃതിയുണ്ട്...

സ്ഥലങ്ങളുടെ അധിപനേ ,

ഈ വസന്തകാല പ്രഭാതം ലൈമാൻ തടാകത്തിനരികെ വാടിപ്പോകുന്നു, നിങ്ങൾ പോകുന്നിടത്തെല്ലാം ആത്മാവ് നിങ്ങളെ പിന്തുടരും,

എന്റെ ക്ഷമയിൽ അവശേഷിക്കുന്നതും നിങ്ങൾ ശേഖരിക്കുന്നു.

ഇരുട്ടിന്റെ പുസ്തകം

നിന്റെ കണ്ണുകളിൽ ഞാൻ വായിക്കുന്നുണ്ട്

നീ ഉപേക്ഷിച്ചു പോയതിനു ശേഷം.. വാക്കുകൾ മരിച്ചിരിക്കുന്നു.

ആത്മാവിന്റെ കോണുകളിൽ, ചുറ്റി നടക്കുന്ന

ശുഭ്ര വസ്ത്രം ധരിച്ച നിന്റെ നിഴലിനെ ഞാൻ കണ്ടു.

കമിതാക്കളുടെ ഒരു കൂട്ടമെന്ന പോലെ എന്നിലുള്ള ആസക്തി

എന്നെ ഭ്രാന്തമായ പ്രണയത്തിലേക്കുള്ള വഴിയിൽ കൈപിടിച്ച് നയിക്കുന്നു... പ്രണയസാഗരത്തിൽ മുങ്ങുന്നവൻ ശ്വാസം മുട്ടി മരിക്കില്ലെന്ന് ആരു പറഞ്ഞു.

ഹിമം ധരിച്ച് നിൽക്കുന്ന

പർവ്വതത്തിന്റെ

ചാരത്ത്

ഒരു ചെറിയ കാപ്പിക്കടയിൽ

നീയില്ലാതെ

ഞാൻ ഒറ്റയ്ക്കാണ് ഇരിക്കുന്നത്...

നാം പതിവ് പോലെ ഒരുമിച്ച കുടിക്കാറുള്ള ഒരു കപ്പ് കോഫി ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്

ഞാൻ നിങ്ങളുടെ മുഖം ചോദിച്ചു, പക്ഷേ വെയിറ്റർ നിങ്ങളെ എന്റെ അടുത്തേക്ക് കൊണ്ടുവന്നില്ല, എന്റെ പത്ത് വിരലുകൾ നിങ്ങളെ തിരയുന്നു,

നിന്റെ അഭാവത്തിൽ

ഒരു കപ്പ് വായിൽ വെക്കാൻ വിരലുകൾ വിസമ്മതിക്കുന്നു.

ഞാൻ വെളിച്ചത്തിൽ നടക്കുമ്പോൾ,
എന്റെ നിഴൽ എന്നെ പിന്തുടരുന്നു.

ഇരുട്ടിൽ നടക്കുമ്പോൾ

ഞാൻ നിങ്ങളുടെ കണ്ണുകളുടെ
പ്രകാശത്തെ പിന്തുടരുന്നു

തെളിഞ്ഞ പ്രഭാതം പോലെ..

അത് എന്റെ കാപ്പി കപ്പിൽ
അലഞ്ഞുതിരിയുന്നു... പക്ഷെ
എനിക്കറിയില്ല...

ഞാൻ നിന്നെയാണോ കുടിച്ചത്, അതോ
കാപ്പിയോ?

വരാനിരിക്കുന്ന

സങ്കടത്തിന്റെ മഴയിൽ നിന്ന് എന്നെ
സംരക്ഷിക്കാൻ നിന്റെ ആർദ്രതയുടെ കുട
എന്റെ തലയിൽ തുറന്നിടൂ.

എന്റെ ദിനങ്ങളുടെ തീരങ്ങളെല്ലാം
നിനക്കുള്ളതാണ്..

സമുദ്രങ്ങളുടെ നാഥാ...

ന്നെ കൊണ്ട് പോകൂ .

എന്റെ മരത്തിൽ ഇപ്പോഴും പഴങ്ങൾ നിറഞ്ഞിരിക്കുന്നു..

ഏതു സമയത്തും

എവിടേക്കും

എന്റെ നാവികർ നിങ്ങളോടൊപ്പം കപ്പൽ കയറാൻ തയ്യാറാണ്.

കാലാവസ്ഥാ നിരീക്ഷണ വാർത്ത ആശ്വാസകരമാണ്.

വർഷങ്ങൾ നീണ്ട കാത്തിരിപ്പിന് ശേഷം...

കടലുപ്പും തകർന്നട ഞ്ഞ കപ്പലുകളും

നിങ്ങൾ എന്റെ വാതിൽപ്പടിയിൽ ഉപേക്ഷിച്ചു

കാത്തിരിപ്പ് എന്നെ തളർത്തി... എനിക്കെന്തു കൊണ്ട്

നിന്റെ കപ്പലുകൾ ചുറ്റി സഞ്ചരിക്കുന്ന

കാറ്റ് ആയിക്കൂടാ... !! എന്റെ ക്ഷമ നശിച്ചിരിക്കുന്നു ,

പിന്നെ ഞാൻ

നിന്റെ ഭ്രമണപഥത്തിന്റെ അവസാനം വരെ

മേഘങ്ങളെ ഓടിക്കാൻ എന്തിന് ശ്രമിക്കാതിരിക്കണം.

നിന്റെ  മരുഭൂമി എന്നെ തളർത്തിക്കളഞ്ഞു...അങ്ങനെയെങ്കിൽ

നിങ്ങളുടെ ഉള്ളം കയ്യിൽ

എന്റെ കൂടാരം നാട്ടുവാൻ എന്തിന് ശ്രമിക്കാതിരിക്കണം'.

എന്റെ ഇന്നിന്റെ പൂന്തോട്ടത്തിൽ..

നിന്റെ പുഞ്ചിരി

എല്ലാ ദിവസവും

പുതിയ വേഷത്തിൽ

തിളങ്ങുന്നുണ്ട്

കടൽ എന്റെ കാൽക്കീഴിലാണ്... ഞാൻ ഉണ്ടെന്ന് സ്രാവുകൾ അറിയാതെ മുങ്ങിമരിക്കാതെ എങ്ങനെ... നിന്നിലേക്ക് എത്തും?

നീ പോയിക്കഴിഞ്ഞാൽ... ഞങ്ങളുടെ നാട് തരിശായി...

മേഘങ്ങളില്ല...മഴയില്ല...ശരീരത്തിൽ ഒരു പുല്ലും വളരുന്നില്ല, കണ്ണുകളിൽ നിലാവില്ല...

ഞാൻ ക്ഷീണിതയാണ്.

ജനിച്ച ദിവസം പൂച്ചയെ കിടക്കുന്നതു പോലെ

നിന്റെ നെഞ്ചിൻ കരയിൽ ഞാൻ ചുരുണ്ടു കിടക്കട്ടെ .

സന്തോഷത്തിന്റെ ഗോവണിയിൽ...

നിന്നെ കണ്ടുമുട്ടുന്നതുവരെ.

ഞാൻ ഏറ്റവും ഉയരത്തിൽ കയറും.. ഞാൻ നിങ്ങളുടെ പേര് വിളിച്ച്

ഒച്ച വെക്കും

അങ്ങിനെ ആയിരക്കണക്കിന് കളകൾ എന്റെ വായയുടെ ഓരങ്ങളിൽ വളരും

എന്നിലും

എല്ലാ നഗരങ്ങളിലും

താമസിക്കുന്ന മനുഷ്യാ

നിന്റെ ഗന്ധമില്ലാത്ത ഒരു വഴി

എനിക്ക് കാണിക്കൂ

നിങ്ങളുടെ ചെറിയ കാര്യങ്ങളിൽ നിന്ന് ഞാൻ സ്വതന്ത്രനാവുന്ന ഒരു  വഴി എനിക്ക് കാണിക്കൂ .

നിങ്ങളുടെ സാന്നിധ്യം അഭാവത്തെക്കാൾ അതിക്രമിച്ചിരിക്കുന്നു

# 4

## ഞാൻ .. വിരൂപതയുടെ മുഖത്ത്...അലറാൻ ശ്രമിച്ചു.

## അങ്ങനെ കടൽ വെള്ളം... മധുരവും...

## ഉപ്പിന്റെ നഗരങ്ങൾ... തീക്കനലുകളും ആയി മാറാൻ

അനീതിയുടെ അന്ധകാരം
അസ്തമിക്കുവതെപ്പോൾ??.

സത്യത്തിന്റെ പുഞ്ചിരി
വിടരുവതെപ്പോൾ??

ആക്രമികളുടെ രാത്രികൾ അവസാനിച്ച്
അറബികളുടെ പകലുകൾ
വിടരുന്നതെപ്പോൾ..?.

സ്വാതന്ത്ര്യം... പകരം വയ്ക്കാവുന്നതല്ല...

അനുകരിക്കാവുന്നതുമല്ല

ഞങ്ങൾ മുയലുകളുടെ ഗോത്രത്തിൽ പെട്ട
ഒരു ജനതയാണ്...

ഹാ ഞങ്ങൾ സ്വതന്ത്രരായെങ്കിൽ

ഒരുദിവസം

അത്ഭുതങ്ങളുടെ ലോകം

ഞങ്ങൾ കാണിച്ചുതരുമായിരുന്നു.!!

സ്വാതന്ത്ര്യം എന്റെ മാത്രം പെർഫ്യൂം
ആണ്..

ഒപ്പം ഒരു സ്വർണ്ണച്ചിലങ്കയും. അതിന്റെ
സ്വരമാധുരിയിൽ ഞാനുറങ്ങുന്നു.

പക്ഷികൾ പാടുന്നത് കാണുമ്പോഴെല്ലാം

സൂര്യനോടൊപ്പം അസ്തമിച്ച

എന്റെ സുഹൃത്തുക്കളുടെ മുഖം ഞാൻ തിരയാറുണ്ട്.

അനവധി ഓർമ്മകൾ..

പുറം തിരിഞ്ഞു നിൽക്കുന്നു. ശബ്ദമുണ്ടാക്കി കണ്ണാടികളുടെ നിശബ്ദതയെ പ്രതിധ്വനിപ്പിക്കുന്നു.. ഞാൻ മെല്ലെ നിന്റെ ശബ്ദത്തിന് പുറകെ നടന്നുകൊണ്ട് എന്റെ മുഖവും.. പ്രകാശത്തിന്റെ പ്രതിഫലനവും തമ്മിലുള്ള ദൂരം അളക്കുന്നു..

നീയിതാ

മേലെ ആകാശത്ത്.

.. മരത്തടിയിൽ ചത്തപോലെ കിടക്കുന്ന

എന്റെ ഹൃദയമേ....എന്ററെ കരങ്ങളാൽ നിന്ററെ ഈത്തപ്പനകളെ ഞാൻ കൊത്തിമിനുക്കി..പഴുത്ത ഈത്തപ്പഴങ്ങളിതാ നിനക്ക് വേണ്ടി കരയുന്നു.

ഞാൻ എവിടെയാണെന്ന് ചോദിക്കരുത്?
പരിഭ്രാന്തിയാണെന്റെ  സ്ഥിരമായ
വാസസ്ഥലം..

ഭ്രാന്തമായ ലോകത്തിൽ ഞാൻ സ്വയം
ഇല്ലാതാകുന്നു.ഓടിയകലുന്ന
മേഘങ്ങളുടെ കൺപോളകളിൽ ഞാൻ
തൂങ്ങിക്കിടക്കുന്നു. സങ്കടപ്പെയ്ത്തുകളുടെ
മഴനൂലുകളിലും....

.അവർ എനിക്ക് ഇടി മിന്നലുകളുടെ ഭാഷ
പരിഭാഷപ്പെടുത്തുന്നു

വിജനതയിൽ ഞാൻ വഴിതെറ്റിപോകുന്നു...

അസൂയയാൽ ചുട്ടുപൊള്ളുന്ന ലോകം
താണ്ടി ഞാനൊരു കവിതയുടെ
പരവതാനി വിരിക്കുന്നു

ഒന്ന് തലചായ്ക്കാൻ.

കണ്ണുനീരിന്നാൽ തീർത്ത പാലത്തിലൂടെ
ഞാൻ നടക്കുന്നു..

വേദനയുടെ തീരത്തണയാൻ

ഞാൻ ദിനങ്ങളെ വിധിക്കുന്നില്ല....

പഴങ്ങൾ പൊഴിയും പോലെ  ചരിത്രം
എന്റെ കൈകളിൽ
പൊഴിഞ്ഞുവീഴുന്നുണ്ട്.

എൻ്റെ തൊണ്ട തുരുമ്പിച്ചിരിക്കുന്നു, എൻ്റെ കൺപോളകളിൽ കണ്ണുനീർ തളംകെട്ടിനിൽക്കുന്നു. ഇരുട്ടിന്റെയും പരിഭ്രാന്തിയുടെയും കൂട്ടിൽ ഞാൻ നിലവിളിക്കുന്നു.

റോഡ് ഭ്രാന്തിനാൽ മൂടിയിരിക്കുന്നു.

വീടിന്റെ പൂമുഖം വൃത്തിഹീനമായാൽ മറ്റൊരു പൂമുഖം വരക്കാം... എന്നാൽ ഹൃദയം വൃത്തികേടായാൽ എവിടെ നിന്നും പുതിയൊരു ഹൃദയം നിനക്ക് കിട്ടും.???

ധൂളികളുടെയും സിമന്റിന്റെയും നഗരങ്ങളിലൂടെയുള്ള യാത്രക്കാരിയാണ് ഞാൻ... സൂര്യനില്ല.....

ചന്ദ്രനില്ല....

നീ പോലുമില്ലാതെ..

എൻറെ വേദനകൾ, തിരമാലകൾ ആവർത്തിച്ചുവരുന്ന

സാഗരം പോലെയാണ്...

സങ്കടങ്ങളിൽ നിന്നും കണ്ണുനീരിന്റെ മര്യാദകൾ ഞാൻ പഠിച്ചെടുത്തു...

പക്ഷേ അവരെന്നെ രണ്ടാം അധ്യായത്തിലേക്കെത്തിച്ചു.

മരണത്തിന്റെ മര്യാദകളെനിക്ക് പഠിപ്പിച്ചു തരാൻ.

വേദന എന്നെ ഊറ്റിക്കുടിക്കുന്നു....

വിശക്കുന്ന കുട്ടിയുടെ വായിലെ, മാതാവിൻറെ മാറിടങ്ങൾ പോലെ...

ഗർഭപാത്രത്തിലെ ഇരുട്ടറുകളിലെ കുട്ടിയെപ്പോലെ ഞാൻ നിനക്ക് വേണ്ടി കാത്തിരിക്കുന്നു...

പ്രകാശം പ്രതീക്ഷിച്ചുകൊണ്ട്...

നിന്റെ വരവും പ്രതീക്ഷിച്ചിരുന്നുകൊണ്ടു....എന്റെ പ്രണയം തലയിണകൾക്കുമേൽ നിദ്രകൊണ്ടു.. നീയൊരുപാട് വൈകിപ്പോയി. നിനക്ക് പകരം സ്വപ്നം വിരുന്നെത്തി.

ഞാൻ കരഞ്ഞു..

കരയാനായല്ല,

എന്റെ കണ്ണുകളിൽ നിന്നും നിൻറെ അടയാളങ്ങളെ കഴുകിക്കളയാൻ മാത്രം...

ഞാൻ നിന്നെ മിസ്സ് ചെയ്യുന്നു. അങ്ങനെ രാത്രിയുടെയും പകലിന്റെയും തോട്ടങ്ങളിലെ ഉദ്യനപാലകനായി ഞാൻ മാറുന്നു.

നിനക്കൊപ്പമുള്ള ള്ള ദിവസങ്ങളിൽ എന്റെ പ്രണയത്തെക്കെടുത്തുന്ന ഓർമ്മകൾ ഞാൻ കൊയ്തെടുക്കുന്നു.

എൻറെ വേദനകളെ ഞാൻ ഒഴുക്കിക്കളയുന്നു. അസംഭവ്യമായതിനെ ഞാൻ പാനം ചെയ്യുന്നു.

ചന്ദ്രൻ എന്റെ വീടാണ്...

രാത്രി ദൈർഘ്യമേറിയതും.....

പ്രണയം സംസാരത്തിന്റെ കണ്പോളകൾക്ക് താഴെ കോട്ടുവാ ഇടുന്നു.

നിങ്ങളുടെ പ്രണയത്തെ നിങ്ങൾ കാച്ചിക്കുറുക്കിയോ..?

എന്റെ ആത്മാവിൽ സങ്കടത്തിന്റെ പാടുകളുണ്ട്, എന്റെ ഹൃദയത്തിന് അഴുകിയ മണമുണ്ട്!

എന്റെ ആകാശം പെയ്തുകൊണ്ടേയിരുന്നു.

ഭ്രാന്തമായ സ്പർശനത്താൽ
എന്നെയാകമാനം നനച്ചു.

എന്റെ പുഞ്ചിരി തീനാളത്തിന്റെ ഒരു
ചെറിയ ശേഷിപ്പ് മാത്രം... വിളക്ക് തെറ്റി

വഴി തെറ്റി.

മരണത്തിനും മരണത്തിനുമിടയിൽ ഈ
ജീവിതം നഷ്ടപ്പെട്ടു.

നഗരങ്ങളുടെ അവശേഷിപ്പുകളിൽ നിന്ന്
വരുന്നവൻ നിങ്ങളെയെങ്ങനെ
ആവശ്ഷ്ടങ്ങളിലേക്കു വലിച്ചെറിയും.?.

ഹൃദയം സംസാരത്തിന്റെ അഗ്നി
പുതക്കുന്നു.

എന്റെ ചിന്തകളുടെ വിള്ളലുകളിലൂടെ

ഒരു ഓറഞ്ച് മരം കണക്കെ

പുറത്തുവരുന്ന മനുഷ്യാ...

എനിക്ക് തനിച്ചു പുറത്തിറങ്ങാൻ
പേടിയായി

ഒറ്റയ്ക്ക്...

എന്റെ കണ്ണുനീർ നൂലിഴകളിൽ ഞാൻ തൂങ്ങിക്കിടക്കാതിരിക്കാൻ.....

നിനക്കു ശേഷമുള്ള എന്റെ ദിനങ്ങൾ പുഷ്പിക്കുന്നില്ല...നിനക്ക് ശേഷം എനിക്കൊരു

ചരിത്രമില്ല..

എന്റെ പ്രായത്തിന്

നിറമോ രുചിയോ മണമോ ഇല്ല.എന്റെ ഓർമ്മയുടെ ക്യാൻവസിൽ

നിങ്ങളുടെ രൂപം മങ്ങിത്തുടങ്ങിയിരിക്കുന്നു.

ഓർമ്മകൾക്ക് ഹൃദയത്തെ മുറിപ്പെടുത്തുന്ന കൂർത്ത നഖങ്ങളുണ്ട്.

പ്രണയ പരവശയായി ഞാൻ കരഞ്ഞു..

ആകാശം ചിരിച്ചു.

ഹൃദയം തകർന്ന മന്ദമാരുതനായി... ഞാൻ നിന്നെ അന്വേഷിച്ചുകൊണ്ടിരുന്നു...

നിന്റെ മുഖം പെയ്തുവീഴുന്നതെപ്പോഴാണ്...
അന്ധകാരത്തിനെ എനിക്കതിജയിക്കാൻ....

എന്റെ അസ്തിത്വത്തിന്റെ രഹസ്യങ്ങൾ കണ്ടെത്താൻ...

ഞാൻ സങ്കടത്താൽ നിദ്രാ വിഹീനയായി നിൽപ്പൂ...

ഞാൻ നിന്നെ കാത്തിരിക്കുന്നു.

എന്റെ ഭയത്തെ ആഘോഷിക്കുന്നവർ എന്നെ വളയുന്നു. അവർ എന്റെ കപ്പൽ അറിയാത്ത ഏതോ ഇടങ്ങളിലേക്ക് കൊണ്ടുപോകുന്നു.

ശിശിരത്തിന്റെ കണ്ണുകളിൽ മിന്നൽ തിളങ്ങുന്നു.. ഉറക്കം പടികടന്നുപോയി .. വഴികൾ എന്റെ വ്യഥകൾ തൻ വാഹനങ്ങളെക്കാൾ ഇടുങ്ങിയതാണ്. ദിവസങ്ങൾ നിശ്ചലതയെ ഗർഭം ധരിച്ചിരിക്കുന്നു.  വേദനയാൽ പൊതിഞ്ഞിരിക്കുന്ന മണിക്കൂറുകളുടെ ഉദരം  കണ്ണുനീരിനെ ഒഴുകാൻ അനുവദിക്കുന്നില്ല. കണ്ണുനീരിനാൽ കണ്ണുകൾ ഇടുങ്ങി . ഭയത്തിന്റെ കീർത്തനങ്ങൾ മുഴങ്ങുന്നു ..

ജീവിതത്തിന്റെ ഗ്രന്ഥങ്ങളിൽ ശുഭവാർത്തയുമായി ആരും വരാനില്ല..വിരസതയെ കീറിമുറിക്കാനോ ,തൊണ്ടയിലെ മുറിവ് തുടച്ചുമാറ്റാനോ സന്തോഷവാർത്തയുമായി ആരും വരുന്നില്ല, സന്തോഷവാർത്തയുമായി ആരും വരുന്നില്ല !!

എനിക്ക് ഒരു കാലം കണ്ടെത്തണം

ചീർപ്പിന്റെ പല്ലുകൾ പോലെ യുള്ള

എന്റെ സമാനമായ നാളുകൾ പോലെയല്ല...

എനിക്ക് നിറമില്ലാത്ത..വലുതാകാത്ത.... മരണമില്ലാത്ത

ദിനങ്ങളെ വെറുപ്പാണ്...

എനിക്ക് സമാനതകളില്ലാത്ത നാളുകൾ വേണം...

കടലിലെ തിരമാലകൾ പോലെ രോഷമുള്ള..... കപ്പലുകളുടെ കൊടിമരങ്ങൾ പോലെ ഉയരമുള്ള.... മഴയുടെ താളമുള്ള.... നിലാവെളിച്ചമുള്ള...എന്റെ പ്രിയപ്പെട്ടവന്റെ

കണ്ണുകളുടെ സങ്കടമുള്ള
പ്രസവവേദനയുടെ നൊമ്പരമുള്ള

നാളുകൾ

വാക്കുകൾ കൊണ്ടു ചരിത്രത്തിനു
പോലും കേട്ടുകേൾവിയില്ലാത്ത,

അതിരുകളില്ലാത്ത ഒരു രാജ്യം നിനക്കായ്
കെട്ടിപ്പടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
നീയതിൽ പ്രവേശിക്കുമ്പോൾ സൂര്യൻ
എന്നിലുദിക്കും... നീ പോയാൽ വസന്തം
എന്നെ വിട്ടു പോകും.

എന്റെ വിരഹവേദനയുൾച്ചേർന്ന

എന്റെ പ്രണയം പകർന്നു തരുന്ന
മഴവില്ലിൻ നിറമുള്ള ഒരു ഭാഷ നിനക്കായ്
കണ്ടെത്താൻ അസാധ്യമായ
അതിരുകളിലേക്ക് അതി വിദൂരമായി
എനിക്ക് യാത്ര ചെയ്യണം.

എനിക്ക്

മൺ സാമ്രാജ്യത്തിൽ നിന്ന്
രാജിവയ്ക്കണം...

ആഴിയിൽ ആഴ്ന്നിറങ്ങണം ആകാശത്ത് പറന്നുയരണം...തൂവലുകൾ കൊണ്ടും മുത്തുച്ചിപ്പികൾ കൊണ്ടും മ

നിനക്കൊരു സിംഹാസനം പണിയാൻ...

സ്വപ്ന സമാനമായ വാക്കുകൾ എഴുതാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് നിഘണ്ടുകൾ വേണ്ട.. സംസാരവുമായി യാതൊരു സാമ്യവുമില്ലാത്ത ഒരു ഭാഷ എനിക്ക് കണ്ടുപിടിക്കണം.

എന്റെ ഇന്നലെകളിൽ നിന്നും ഇന്നിൽ നിന്നും എനിക്ക് രാജിവെക്കണം..

ആകാശത്തിന്റെ ആത്മാവിൽ വെച്ച് നിന്നെ കണ്ടുമുട്ടാനായി ഇതുവരെ മറ്റൊരു സ്ത്രീയും ധരിക്കാത്ത ഒരു വസ്ത്രം നാളത്തേക്കായി എനിക്ക് മാറ്റിവെക്കണം

എനിക്കൊരു പ്രമേയമെഴുതണം...

കുട്ടികൾ കടൽക്കരയിൽ മണലിനാൽ കളിക്കുന്നത് പോലെ എനിക്ക്

വാക്കുകളാൽ ഒരു ലോകം പണിതുയർത്തണം ... അങ്ങനെ സ്ത്രീ

ചന്ദ്രന്റെ റാണിയാകണം.

# 5

# പ്രിയതമാന്മാർക്കൊപ്പം കഴിഞ്ഞ ഉറക്കമില്ലാത്ത രാത്രിയുടെ മഷികൊണ്ട് ഭാഷയുടെ മുറിവുകളിൽ എനിക്ക് കുത്തിക്കുറിക്കണം.

നിന്റെ വീട് ബുദ്ധിയുടെ തീരങ്ങളിലും....
എന്റെ വീട് കവിതയുടെ ഉദ്യാനങ്ങളും
ആണ്...

നിന്റെ ബുദ്ധിക്കും എന്റെ
ഭ്രാന്തിനുമിടയിൽ എൻറെ ആത്മാവ്
നഷ്ടപ്പെടുന്നു.

എന്റെ കണ്ണുകളുടെ കണ്ണാടിയിൽ
ചിത്രങ്ങളെ പിച്ചിച്ചീന്തുന്നു.
സംസാരത്തിന്റെ ശുദ്ധമായ
ജലോപരിതലത്തിലൂടെ സ്വർണ്ണം
അടുത്തേക്ക് വരുന്നു. ഒപ്പം നഗ്നമായ
പാദങ്ങളും..

പ്രിയതമന്റെ മുഖം പോലെ ശോഭയാർന്ന
പകലിൽ ഭ്രാന്തിന്റെ കുതിരപ്പുറത്തു
കയറിവരുന്നത് പോലെ കവിതകൾ വന്നു
പോകുന്നു

അദൃശ്യമായവനെ..... ഞങ്ങളിൽ സന്നിഹിതനായവനെ.. ഞങ്ങളുടെ ഉദ്യാനങ്ങളിലെ പക്ഷികൾ സംസാരിക്കാതെയായി... മരങ്ങൾ വിലാപ വസ്ത്രമണിഞ്ഞു. സന്തോഷം പിൻവാതിലിലൂടെ പുറത്തു പോകാൻ തീരുമാനിച്ചു.നിങ്ങളെ തേടിക്കൊണ്ട് അനാഥരായി അവർ ഞങ്ങളെ ഉപേക്ഷിച്ചു. ഞാൻ പെട്ടെന്ന് വീടിനു വെളിയിലേക്ക് ഓടി. മരണത്തിൽ നിന്നും ഓടി രക്ഷപ്പെടാൻ... പക്ഷെ ആദ്യത്തെ കവല തന്നെയാണ്  ഞാൻ അതിനെ കണ്ടുമുട്ടേണ്ട സ്ഥലം.

നീ പൊട്ടിത്തെറിക്കുമ്പോൾ എനിക്ക് നിന്റെ ഭാഷ മനസ്സിലാക്കാൻ കഴിയുന്നില്ല. പക്ഷെ നിന്റെ നിശബ്ദത സർവ്വ ഭാഷകളാലും എനിക്ക് വായിച്ചെടുക്കാൻ കഴിയും.... നിൻറെ കണ്ണുകളുടെ നിശബ്ദത

കൊലയാളിയും കൊല്ലപ്പെട്ടവനുമാണ്...
ചന്ദ്രൻ  സൂര്യന്റെ അസ്തമന യാത്രയുടെ
വഴി വരക്കുന്നു..   നിന്റെ കാലടികൾ
കാലത്തിന്റെ ഭിത്തികളിൽ അതിന്റെ
കണ്ണുനീരിനെ കൂട്ടിക്കലർത്തുന്നു

നിൻറെ നഖങ്ങളുടെ ഭീകരതയിൽ നിന്നും
ബസ്റ്റാർഡ് പക്ഷിയെ പോലെ

ഞാൻ പറന്നുയരും. ഞാനൊരു
യാത്രക്കാരിയാണ്. വസന്തകാല കുളിർ
കാറ്റുകളാണെന്റെ ഇടങ്ങൾ.

സംസാരത്തിൽ ഞാൻ ഒന്നും
കേൾക്കുന്നില്ല. നിശബ്ദതയിൽ ഞാൻ
സർവ്വപദങ്ങളും
കേൾക്കുന്നു..സംസാരിച്ചുകൊണ്ടിരിക്കു
ന്ന മനുഷ്യനെ ഞാൻ ഇഷ്ടപ്പെടുന്നില്ല... നീ
നിശബ്ദനാകുമ്പോൾ എനിക്കൊരു
പരിഭാഷകന്റെയും ആവശ്യമില്ല....

ഞാൻ നിന്റെ പ്രണയ തീവ്രത അളക്കുന്ന റഡാർ ആണ് മൗനം.

കണ്ണുനീർ വേദനയുടെ ഭാഷയാണ് ഈ ഭാഷയിൽ പ്രാവീണ്യം നേടിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന ഒരു യൂണിവേഴ്സിറ്റിയുമില്ല. അതിൻറെ കണ്ണുകളിലെ പ്രവാസം എന്നെ സംസാരിക്കാൻ പഠിപ്പിച്ചു.

അന്താരാഷ്ട്ര അംഗീകാരമുള്ള ഒരേയൊരു ഭാഷയാണ് നിശബ്ദത.എന്റെ ഭാഷയണിഞ്ഞവനെ....

എന്നോട് പറയൂ.. നീ ആരാണ്?? അക്ഷരങ്ങൾക്കിടയിൽ എന്നെ ഉപരോധിച്ചവനെ സംസാരത്തിനും മൗനത്തിനുമിടയിൽ എന്നെ കെട്ടിയിട്ടവനെ

നീ എവിടെ നിന്നും വരുന്നു..?

നീ ഒരു വേനൽ മേഘമാണോ....?

അതോ ചുഴാലിക്കാറ്റാണോ? നിന്നെ
ഞാനെങ്ങനെ പരിഭാഷപ്പെടുത്തും?
എന്റെ സർവ്വ ഭാഷകളെയും
കവർന്നെടുത്ത അക്ഷരങ്ങളെ...

ദിനങ്ങളുടെ മാധുര്യം അത് കൊഴിഞ്ഞു
വീണാലല്ലാതെ നീ അറിയുകയില്ല.

പ്രകാശത്തിനും വെളിച്ചത്തിനുമിടയിൽ
അത് കടന്നുപോയാലും...

സൂര്യൻ പ്രകാശം പൊഴിക്കുന്നു.

ഭൂമിക്കു മേൽ അതിന്റെ മരണ മണി
മുഴങ്ങുന്നു.

നഗരഗോപുരങ്ങൾ പൊടിപാടലങ്ങളാൽ
പൊതിയുന്നു. വിരഹം അതിന്റെ
കൂടാരത്തിന്റെ കുറ്റികൾ തറക്കുന്നു.

ഞാനാണെങ്കിൽ പ്രണയത്തിന്റെ
അടിവസ്ത്രങ്ങൾ മാത്രം ധരിച്ചു
നഗ്നയായിരിക്കുന്നു.

വിരസതയുടെയും ശൂന്യതയുടെയും
നിശബ്ദതയുടെയും മരണത്തിന്റെയും
സൈന്യങ്ങളെ ഞാൻ ഒറ്റയ്ക്ക് ചെറുത്ത്
നിൽക്കുന്നു. നമ്മുടെ ദിനങ്ങളെ
നിറക്കുന്ന ആ മലയെ ഞാൻ
ഒരുപാടിഷ്ടപ്പെടുന്നു.അതിന്റെ
താഴ്വരകളിൽ നാമെത്രമാത്രം
ഒച്ചവെച്ചിരുന്നു.. അതിന്റെ
ആവനാഴിയിൽ എത്രമാത്രം
കാഴ്ചകളെയാണ് നം നിറച്ചു വെച്ചത്?

അതിന്റെ കരങ്ങളിൽ എത്രാമാത്രം
നിഗൂഢതകൾ നാമൊളിപ്പിച്ചു...?
നമ്മളെക്കുറിച്ച് എത്രയെത്ര
ചോദ്യങ്ങളാണ് അതിനു
ചോദിക്കാനുള്ളത്..?

പൊട്ടിത്തെറിച്ചുകൊണ്ട് ഒച്ചവെക്കുന്ന നിശബ്ദമായ ഈ മലയെ ഞാൻ എത്രമാത്രം. പ്രണയിക്കുന്നു.

മഞ്ഞ്,മലയുടെ ചരിത്രമെഴുതുന്നു.

സമയം ബാഷ്പീകരിക്കപ്പെടുന്നു... കണ്ണുനീർ.. ഈ നിമിഷത്തിന്റെ അധിപയാകുന്നു

ചന്ദ്രന്റെ പാദം... ഓറഞ്ചുമരത്തിൽ തൊട്ടുരുമ്മുന്നു. പൂക്കൾ അസൂയപ്പെട്ട് ചിണുങ്ങാൻ തുടങ്ങുന്നു.... തടാകക്കരായിലെ പാറയുടെ കഴുത്തിൽ ചന്ദ്ര കിരണങ്ങൾ തിളങ്ങുന്നു.

തരു ശാഖികൾ തൻ  നിഴലിൽ...ചന്ദ്രക്കല വളയുന്നു... നാരങ്ങ മരം എന്നെ ആശ്ലേഷിക്കുന്നു... മേഘങ്ങൾ വെളിച്ചത്തെ ആട്ടിയോടിക്കുന്നു .. എന്നെയും

എന്റെ പ്രിയനെ.. എന്നരികിലെ നിലാവേ...

ഉത്തരം നൽകാൻ ഈ ലോകത്ത്
ആരെങ്കിലും ഉണ്ടോ?

വാക്കുകളുടെ തുടക്കമേ വാക്കുകളുടെ
ഒടുക്കമേ

നീ എന്റെ ജീവിതത്തിൽ വെളിച്ചവും
ഇരുട്ടും മറ്റുള്ളവർ
അവശിഷ്ടങ്ങൾക്കിടയിലൂടെ
കടന്നുപോകുന്ന നുരകളുമാണ്

ഹേ പീഡയുടെ ആദ്യ അവസാനമേ..

നിങ്ങളുടെ തരിശുഭൂമിയിൽ

വായു പോലൊരു പാതയും... ശീതകാലം
പോലെയുള്ള പാതയും.. ഏകാന്തതയുടെ
വിജനതയും ആത്മാവിന്റെ വാഞ്ഛയും
ഇല്ലായ്മയുടെ കൊതിയും.. ദുരിതത്തിന്റെ
പാതയുമുണ്ട്

ഏകാന്തത ഒരു തടവറയുടെ
മേൽക്കൂരയാണ്.. എന്റെ മുറി
ആകാശത്തിനും ഭൂമിക്കുമിടയിൽ

അടച്ച് പൂട്ടിയിരിക്കുന്നു. .. എന്റെ
ഹൃദയത്തിന് ചുമരുകളില്ല

പ്രഭാതം രാത്രിയുടെ ആത്മാവിനെ
കത്തിക്കുന്ന ഒരു അസ്ത്രമാണ്,

എന്റെ രാജകുമാരാ രാത്രിയുടെ
വസ്ത്രത്തിന്റെ വിള്ളലിൽ നിന്ന്
ഏകാന്തത എത്തി നോക്കുന്നു.

വെളിച്ചത്തിനും ഇരുട്ടിനുമിടയിൽ
നടക്കുന്നതും, ഒരു രൂപത്തെ ആശ്ലേഷിച്ചു,
പിന്നെ എന്നെത്തന്നെ
വലിച്ചെറിയുന്നതുമായി ഞാൻ നിന്നെ
കാണുന്നത് എനിക്ക് വിശ്വസിക്കാൻ
കഴിയുന്നില്ല.

നക്ഷത്രങ്ങൾ ചന്ദ്രന്റെ മാറിൽ ചാരി,
കാവൽ നിന്ന് പ്രഭാതത്തിനായി
കാത്തിരിക്കുന്നു.

നിൻ പുലരി വരെ ചാരി നിൽക്കാറുള്ള

ചന്ദ്രനെപ്പോലെ എൻ ഹൃദയത്തെ
എടുക്കൂ...

എന്റെ ചർമ്മത്തിനടിയിൽ ഗോതമ്പ് പാടം
പോലെ വ്യാപിക്കൂ

എന്റെ ഹൃദയത്തിനിടം എന്റെ
സങ്കടങ്ങളുടെ പുൽമേടിനെക്കാൾ
ചെറുതാണ്.. ഞങ്ങൾക്കിടയിലുള്ള തുറന്നു
പറച്ചിൽ ഒരു പൊതു ഘടകമാണ്..

പിന്നെ നീ ദൂരെയാണ്..

എന്നിൽ ചിലത് മറ്റു ചിലതിനെ
ഉപേക്ഷിക്കുകയായിരുന്നു.

ഒപ്പം ശൂന്യത വീടിനെ വലയം ചെയ്യുന്നു

രാത്രി മഴ കൊണ്ട് മൂടിയിരിക്കുന്നു...

യാത്രയുടെ ഗതി കാറ്റ് തീരുമാനിക്കുന്നു.

നിന്റെ കാലത്തിന്റെ കുറിപ്പുകൾ ഞാൻ എപ്പോൾ വായിക്കും...

കാത്തിരിപ്പിന്റെ നഗരങ്ങളിൽ വസിക്കുന്ന എൻ രാജകുമാരാ

മഴ.. മഴ ഈന്തപ്പനകളുടെ വിഷാദത്തിൽ സംഗീതം പൊഴിക്കുന്നു. കാലത്തിന്റെ താളുകൾ നിറയ്ക്കൽ പ്രയാസകരമാണ്.

എന്റെ വിരലുകൾ മെഴുകും എന്റെ ഭാഷ കളിമണ്ണുമാണ്.

രാത്രിയുടെ ഹൃദയത്തിലേക്ക് ഒരു കഠാര പോലെ പ്രവേശിക്കാൻ

പകൽ അതിന്റെ സൂര്യനെ അണച്ചു.

ഞാൻ അവനെ നോക്കുന്നുവെങ്കിലും

അവൻ എന്നെ കാണുന്നില്ല..

ഞാൻ പ്രകാശിക്കുന്നുവെങ്കിലും അവൻ

എന്നെ കാണുന്നില്ല.

മെഴുക് ഉരുകി തീർന്നു

ഭാഷയ തകർന്നു.

കാലത്തിന്റെ താളുകൾ പറക്കുന്നു..

ചിന്തകളില്ലാതെ

ഞാൻ എകാന്തനായി സഞ്ചരിക്കുന്നു.

നിന്റെ അഭാവം എന്നെ നിശബ്ദനാക്കി...

എന്റെ ആത്മാവിന്റെ സന്തുലിതാവസ്ഥ വീണ്ടെടുത്ത് തരൂ .

ഭൂമിക്കും ആകാശത്തിനും ഇടയിൽ നീണ്ടുകിടക്കുന്ന കരച്ചിലിന്റെ ഒരു കാലമാണ് എന്റെ സങ്കടം.

നിരാശ ഹൃദയത്തിന്റെ ഉത്താനം കയറുന്നു.. ഈ സാഡിസ്റ്റ് ന് ഇറങ്ങാൻ സമയമായില്ലേ!

നിഴൽ തകർന്ന

മരങ്ങളുടെ ഉയരം രാത്രിയുടെ ആലിംഗനത്തിൽ  നീണ്ട നിദ്രയ്ക്ക് ശേഷം പിങ്ക് വസ്ത്രം അഴിച്ച് അലസമായ സൂര്യനെ കാത്തിരിക്കുന്നു.

പൂന്തോട്ടം തേടി

ഉയർന്നു.

മേഘം കൂടുന്നു... ആകാശത്തിലെ ജലം...

ഒപ്പം ഭൂമി വളയുന്നു...

അവളുടെ തല മഴയിലേക്കാണ്..

# 6

# പക്ഷികൾ എത്ര ദേശാടനം നടത്തിയാലും മാതൃത്വമെന്ന മരത്തിൽ അഭയം പ്രാപിക്കും

മറ്റൊരു സ്ത്രീ

വിളകൾ ശേഖരിക്കാൻ വേണ്ടി

അമ്മ നിലം ഉഴുതുമറിക്കുന്നു... കൃഷി ചെയ്യുന്നു.

അമ്മ സ്ഥിരം തീ കത്തിക്കുന്നു.

അഛനോ

ചാരത്തിനടിയിലെ തീക്കനലും

വലിയ മേഘം..

എന്റെ മകളുടെ കണ്ണുകളിൽ...

ആത്മാവ് ഉപേക്ഷിച്ച

ഒരിറ്റ് കണ്ണുനീരുണ്ട്.

അത് ഇരുവരെ വേദനയുടെ

തുറമുഖത്ത് എത്തിയിട്ടില്ല.

വെളിച്ചത്തിന്റെ തുറമുഖത്തെത്താൻ

അസാധ്യമായ ഒരു ശ്രമം...

എന്റെ മാതൃത്വത്തിന്റെ വെളിച്ചത്തിൽ

അവളുടെ സങ്കടം അടക്കാനുള്ള ഒരു എളിയ ശ്രമം.

ഉമ്മയുടെ അമ്മിഞ്ഞ പാലിനെ മാത്രം വിശ്വസിക്കുന്ന ഈ കുട്ടി

എത്ര നിഷ്കളങ്കയാണ്

കുഞ്ഞിനെ പരിപാലിക്കുന്ന അമ്മയെ പോലെ

സൂര്യന്റെ മുഖത്തെ താലോളിക്കുന്നതിനിടയിൽ

നിന്റെ മന്ദസ്മിതം അവളുടെ കരങ്ങൾ എന്നിലേക്ക് നീട്ടി.

അപ്പോൾ എന്റെ ഹൃദയത്തിൽ ആ നിമിഷം ഉണർന്നു.

വർഷങ്ങളായി എന്റെ ചിന്തകളിലും

വർഷങ്ങളോളം നിന്നെ എന്റെ വയറ്റിലും ചുമന്നപ്പോൾ...

നീ എന്നെ സ്വർഗത്തിലേക്ക് കൊണ്ടുപോകുമെന്ന് ഞാൻ കരുതി..

പക്ഷേ നീ എന്നെ നരകത്തിലേക്കാണ് കൊണ്ടെത്തിച്ചത്

അനുരാഗം എന്നെ തകർത്തു കളഞ്ഞു

അത് എന്നെ

മരുഭൂമിയേക്കാൾ വിസ്തൃതിയു

 വേദനയിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

നിന്റെ കണ്ണുകളിൽ ഞാൻ എന്റെ അച്ഛനെ വീണ്ടും കാണുന്നു...

എന്നേക്കാൾ നിങ്ങളെ സ്നേഹിക്കുന്ന മറ്റൊരു സ്ത്രീയെ നിങ്ങൾക്കറിയാമെങ്കിൽ..

 അവൾക്ക് ഒരു മികവിന്റെ സർട്ടിഫിക്കറ്റ് സമ്മാനിക്കാൻ എന്നെ അവളുടെ അടുത്തേക്കുള്ള വഴി കാണിച്ചു തരൂ, എന്നിട്ട് ഞാൻ സ്വയം മരണം വരിക്കും.

രാത്രി എന്റെ കടലാസുകളാണ്

ആഗ്രഹങ്ങൾ എന്റെ തൂലികയും

 ഭൂമിയെപ്പോലെ വിചിത്രം .

എന്റെ സ്വപ്നങ്ങളുടെ വെളിച്ചത്തിൽ ഞാൻ ഓടിപ്പോകുന്നു.

എന്റെ തെറ്റുകളെ കുറിച്ചു ബോധ്യവാനാകുന്നത്,എന്നെ സ്വയം വിചാരണക്ക് വിധേയമാക്കാനല്ല .. മറിച്ച് അവയെ ആകാശത്ത് വിതറി എന്റെ വഴി പ്രകാശിപ്പിക്കാൻ വേണ്ടിയാണ്.

വഴിതെറ്റിപ്പോയ കുട്ടിക്ക് വഴി കാണിക്കുന്നത് പോലെ .

കാലത്തിന്റെ ഓർമ്മകളിൽ .

എന്റെ കുട മോഷ്ടിച്ചു കടന്നു കളഞ്ഞ ഒരു കള്ളനെക്കുറിച്ച് ഞാൻ അന്വേഷിക്കുകയാണ്.

എന്റെ മുടിയിൽ

ഞാൻ വെളുത്ത മഞ്ഞുകണങ്ങളെ പരിശോധിക്കുന്നു ...

മുടിയിൽ ഞാൻ വിളക്ക് കത്തിക്കുന്നു.

ഒപ്പം പ്രകാശം വിതറാൻ ജീവിതത്തിന്റെ വാതായനങ്ങൾ തുറക്കുകയും ചെയ്യുന്നു,

ചോരയൊലിക്കുന്ന മുറിവ്  ഡോക്ടറെ തിരയുന്നത് പോലെ

പക്ഷേ അവ ഇരുട്ടിലേക്ക് ഓടിപ്പോവുന്നു.

ആകാശ ഹൃദയത്തിൽ

ചന്ദ്രക്കല പിറന്നാൽ..

എന്റെ വാർദ്ധക്യത്തിൽ ഒരു മാസം കൂടി കഴിഞ്ഞുവെന്നും  നിന്റെ ഹൃദയത്തിന്റെ കോട്ടയിൽ കുറച്ചു കാലം കൂടി

മറഞ്ഞിരിക്കുമെന്നും എനിക്ക് ഉറപ്പായിരുന്നു.

ഓ, ഞാൻ ആയിരുന്ന കുട്ടീ,

മുന്നോട്ട് വരൂ

നിന്റെ മുഖം വിചിത്രമായിരിക്കുന്നു.

പിന്നെ നിനക്കും എനിക്കുമിടയിൽ

മലകളും സമതലങ്ങളുമുണ്ട്.

ഋതുക്കൾ പുറപ്പെടുവിക്കുന്ന ഒരു ദേശവും...

കുട്ടീ...

മുന്നോട്ട് വരൂ .

എനിക്ക് ഒന്നും പറയാനില്ല.

എന്റെ ആത്മാവിന്റെ മരുഭൂമിയിൽ വസിക്കുന്ന ഗ്രാമീണ സ്ത്രീക്ക് അവളുടെ കൂടാരം എവിടെ നാട്ടുമെന്നറിയില്ല!!

പ്രണയികളുടെ അവസ്ഥയും സ്നേഹത്തിന്റെ രസതന്ത്രവും നക്ഷത്രങ്ങൾക്ക് വിശദീകരിച്ച് മഷി പോലെ

അസ്തമയത്തിന്റെ രക്തത്തിൽ നിന്നും

രാത്രി പിറക്കുന്നു.

നിന്നിൽ നിന്ന് നിന്നിലേക്ക് എല്ലാം നഷ്ട്ടപ്പെട്ടവനാണു ഞാൻ.

എന്റെ സംശയത്തിൽ നിന്നും ഉറപ്പിൽ നിന്നും എനിക്ക് എങ്ങനെ മോചനം ലഭിക്കും??

ശാന്തമായും സാവധാനമായും എന്നെ കൊല്ലൂ.

വേദന

ആത്മാവിന്റെ ചരടുകളിലെ ഒറ്റപ്പെട്ട സംഗീതമാണ്

നിർവ്വഹണത്തിൽ

എല്ലാവരും പങ്കു ചേരുന്ന ഒരു സിംഫണിയാണ് സന്തോഷം .

ചന്ദ്രന്റെ തോളിൽ ചാരി നിൽക്കുന്നതിനാൽ,

താരകങ്ങൾ അസൂയപ്പെടുന്ന ഒരു സ്ത്രീയാണവൾ.

നീ കുട്ടിയായിരുന്നില്ലെങ്കിൽ

എന്റെ കണ്ണിലെ കൃഷ്ണമണി നീ തകർക്കുമായിരുന്നില്ല.

ഞാനും എന്റെ ഭയവും.. പ്രഭാത നക്ഷത്രവും..

ഞങ്ങൾ പ്രഭാതത്തിന്റെ കവാടത്തിൽ നിൽക്കുന്നു..

പകലിന്ററെ ഇരു ചുമലിലുമിട്ട ഒരു ലേസ് കൊണ്ട് നെയ്ത ഷാൾ ആണ് രാത്രി.

എന്റെ രാജകുമാരൻ പ്രത്യക്ഷപ്പെടുന്നത്

കാത്തിരിക്കുകയാണു ഞാൻ

ഓർമ്മകൾ ഏകീകരിക്കാൻ.

എന്റെ കൈ നിന്റെ കൈകൾക്കിടയിലേക്ക് നീങ്ങി..

അമ്മയുടെ അടി കിട്ടി വളരാത്തയാളെ
എനിക്ക് എങ്ങനെ നന്നാക്കാൻ കഴിയും

# 7

## സ്ത്രീ അവളുടെ ഗോതമ്പ് ഭക്ഷിക്കുന്നത്

## ഒരൊറ്റ നാട്ടിൽ നിന്നാണ്.

## പുരുഷൻ അവൻ

## കടന്നു പോകുന്ന ദേശങ്ങളിലെല്ലാം അതിന്റെ വിത്തുകൾ വിതറുന്നു..

സ്ത്രീകൾ സ്നേഹിക്കുന്നു..

എന്നിട്ടവൾ ഒഴുക്കിനെതിരെ നീന്തുന്നു.

പുരുഷൻ ബീച്ചിൽ.. സിഗരറ്റ് പുകച്ച് അവൾക്കായി

കാത്തിരിക്കുന്നു ...

സ്ത്രീയുടെ ശരീരം

വെളിവാക്കാതെ കിടക്കുന്നു.

അതിന്റെ കവാടങ്ങൾ കടക്കാൻ.

പുരുഷന് സാധുവായ ടിക്കറ്റ് ലഭിക്കുന്നതുവരെ

സ്ത്രീ ശരീരം ഒരു പുസ്തകമാണ്..

അക്ഷര മാല പോലും അറിയാത്ത നിരക്ഷരരായ ചിലർ പുരുഷൻമാരിലുണ്ട്.

സ്ത്രീകൾ സ്നേഹിക്കുന്നു..

എന്നിട്ടവൾ ഒഴുക്കിനെതിരെ നീന്തുന്നു.

പുരുഷൻ ബീച്ചിൽ.. സിഗരറ്റ് പുകച്ച് അവൾക്കായി

കാത്തിരിക്കുന്നു ...

സ്ത്രീയുടെ ശരീരം

വെളിവാക്കാതെ കിടക്കുന്നു.

അതിന്റെ കവാടങ്ങൾ കടക്കാൻ.

പുരുഷന് സാധുവായ ടിക്കറ്റ് ലഭിക്കുന്നതുവരെ

സ്ത്രീ ശരീരം ഒരു പുസ്തകമാണ്..

അക്ഷര മാല പോലും അറിയാത്ത നിരക്ഷരരായ ചിലർ പുരുഷൻമാരിലുണ്ട്.

പ്രളയം

മുഴു പ്രളയം...

കടലുകൾ മഷിയായി തീർന്നാലും

മരം കൊണ്ടുള്ള പേനകൾ കൊണ്ട്

എൻ പേജുകൾ നിറയുന്നില്ല.

മനസ്സിൽ ആഴത്തിൽ വേരൂന്നിയ ഒരാൾക്ക്

സമർപ്പിക്കാൻ

ദയവായി എനിക്ക് ദീർഘായുസ്സ് നൽകിയാലും

സങ്കടത്തിന്റെ ജലകണങ്ങളാൽ

ലഹരിയിലമർന്ന

എന്റെ ദിനങ്ങൾ മധുരകരമാണ്

അസാധ്യമായത് പ്രവർത്തിക്കുന്ന മനുഷ്യാ..

എന്റെ പ്രണയ രാത്രികളിൽ ഞാൻ എന്റെ ഞരക്കങ്ങൾ ശേഖരിക്കുന്നു..

എന്റെ ഓർമ്മയിൽ ഞാൻ നിന്നെ തിരയുന്നു..

നിന്നെ എഴുതുന്നതല്ലാതെ..

ഒന്നും ചെയ്യാൻ കഴിയാതെ

ഇതാ ഞാൻ ഇവിടെ കാത്തിരിക്കുന്നു.
നിന്നെ വായിക്കുന്നതല്ലാതെ

ഒന്നും ചെയ്യാൻ കഴിയാതെ

ഇവിടെ ഞാൻ കാത്തിരിക്കുന്നു

മഞ്ഞിൽ നിന്നെ വരയ്ക്കുന്നതല്ലാതെ

ഒന്നും ചെയ്യാൻ കഴിയാതെ

ഇവിടെ ഞാൻ കാത്തിരിക്കുന്നു

അകലെയുള്ള

.. ചെറിയൊരു കഫേയിൽ

നിന്റെ ചുണ്ടിന്റെ രുചിയെന്നെ അറിയിക്കുന്ന

ഒരു കപ്പിന്നെ വായിക്കുന്നതല്ലാതെ

ഞാൻ ഒന്നും ചെയ്യുന്നില്ല..

ഉണർവിനും ഉറക്കത്തിനുമിടയിൽ

നിന്റെ ആലിംഗനത്തിൽ ഞാൻ ചുരുണ്ടുകൂടി കിടന്നോട്ടെ...

തലയിണയ്ക്കും കിടക്കയ്ക്കും ഇടയിൽ ഉറങ്ങുന്ന

പേടിച്ചരണ്ട പൂച്ചയെപ്പോലെ ഞാൻ ചുരുണ്ടുകൂടി കിടക്കുന്നു.

എന്റെ ഹൃദയം

വാതിലുകൾ പൂട്ടി കിടക്കുന്ന

ഒരു പൂന്തോട്ടമാണ്..

കാത്തിരുന്നു മടുത്തു..

ഞാൻ ഒരുപാട് സംസാരിച്ചു കഴിഞ്ഞു.

നിന്റെ പാദങ്ങൾക്കുള്ള പാത ഞാൻ വരച്ചിരിക്കുന്നു... എന്റെ മുറിയുടെ മേൽക്കൂരയിൽ തൂങ്ങിക്കിടക്കുന്ന മയക്കം മങ്ങാൻ തുടങ്ങിയിരിക്കുന്നു.

മനുഷ്യാ... എന്തിനാ നീ നിന്നോടൊപ്പം സമയം ചെലവഴിക്കുന്നത്? വെള്ളത്തിലെ എണ്ണ പോലെ ശാന്തമായവനേ...

എന്റെ ദുഃഖത്തിന്റെ രാത്രികളിൽ

നടത്തം കുറയ്ക്കൂ.

പേനയുടെ ഞരമ്പുകളിൽ നിന്നും

എന്തോ വീഴുന്നത്

എനിക്ക് കേൾക്കണ്ട... ...

എന്റെ ശബ്ദം പ്രതിധ്വനിക്കാത്തതാണ്...

മഷിയുടെ ശൂന്യതയിലുള്ള ഒരു സ്പന്ദനം.

മഷിക്കുപ്പി വിരക്തിയിൽ
നിലവിളിക്കുകയും

ചത്ത മൽസ്യത്തെ പോലെ ശ്വാസം മുട്ടുകയും ചെയ്യുന്നു.

പകൽ പുറത്തേക്ക് ഒഴുകുന്നു

രാത്രി പിൻമാറി അതിന്റെ തുടക്കത്തിലേയ്ക്ക് തിരികെ പോകാമായിരുന്നുവെങ്കിലെ!

ഈ ആകാശം ഒരു മേഘത്തെ മാത്രമേ സഹിക്കാൻ കഴിയുകയുള്ളൂ,

ഇരുട്ടിൽ എന്തായിരിക്കും സംഭവിക്കുന്നുണ്ടാവുക?

അസാധ്യമായ സ്ത്രീയേ...

മുടി നിറഞ്ഞവളേ

പ്രണയവും ഭ്രാന്തും നിറഞ്ഞവളേ

ഫൈറൂസിന്റെ സ്വരത്തിൽ അധിവസിച്ചവളേ

പാവങ്ങളുടെ

ഓർമ്മയിൽ അലഞ്ഞുതിരിയുന്നവളേ

കുട്ടികളുടെ കണ്ണിൽ വസിക്കുന്നവളേ

നിങ്ങൾ എന്താണ് ചോദിക്കുന്നത്?

മാഡം, പുരുഷൻ പ്രകടനപരതയിൽ പ്രാവീണ്യമുള്ളവനാണ്

എന്നാൽ സ്ത്രീ സംഭാഷണത്തിന്റെ സ്വാഭാവികതയിലാണ്  അവൾക്ക് പ്രാവീണ്യം .

 ഫ്യൂഡലിസത്തിന്റെ ഭാഷയിലാണ് പുരുഷൻ സംവദിക്കുന്നത്

എന്നാൽ സ്ത്രീ സഹിഷ്ണുതയുടെ ഭാഷയിലാണ് ഇടപഴകുന്നത്.

 അക്ഷരമാലയുള്ള നിഘണ്ടുക്കളോ അവയുടെ പദാവലി കളുള്ള ഭാഷകളോ അല്ല കുരുവികളെ എന്റെ നാവിലേക്ക് തിരികെ കൊണ്ടുവരുന്നത്

മറിച്ച്

എന്റെ രാജകുമാരീ, "സുപ്രഭാതം " എന്ന അഭിവാദ്യമാണ്

കടൽ തിരമാലകളിലൂടെ

ഞാൻ തുടർച്ചയായി യാത്ര സഞ്ചരിച്ചു. ഞാൻ ചെങ്കടൽ താണ്ടി..

വെള്ളയും കറുപ്പും  നിറമുള്ള കാലുകൾ താണ്ടി,

കവിതയുടെ എല്ലാ വൃത്തങ്ങളും

ഗദ്യത്തിന്റെ ചിറകുകളും താണ്ടി,

ഞാൻ മേഘങ്ങളിൽ കയറി സവാരി ചെയ്തു

നിന്നെയൊന്ന് കണ്ടുമുട്ടാൻ .

നീയുള്ളിടത്താണ് ഞാൻ കറങ്ങുന്നതെന്ന് കണ്ടെത്തിയിരിക്കുന്നു.

നിങ്ങളുടെ കുതിരകൾ എന്റെ നഗരത്തിലും

പ്രതിരോധ കേന്ദ്രങ്ങളിലും പ്രവേശിച്ചിരിക്കുന്നുവെന്ന്

എന്റെ രക്തത്തിലെ  മുഴക്കം   എന്നെ ഉണർത്തുന്നു.

ഒപ്പം എന്റെ ഹൃദയതാളത്തിന്റെ വേഗതയും..

മുബാറകിന്റെ പിതാവേ

അങ്ങ് അനുഗ്രഹീതനാണ്

അങ്ങയുടെ ദൃഷ്ടിയിൽ  പ്രഭാതം ഉദിക്കുന്നു

ഹനാൻ നദി,

അതിൽ ഒത്തുചേരുന്ന നീരുറവകൾ... ഒപ്പം കൂരിരുട്ടിലെ പ്രകാശത്തിന്റെ രഹസ്യ നൂലും... എന്റെ ഹൃദയത്തെ സ്പർശിക്കുന്നു

സ്നേഹത്താൽ നനഞ്ഞ കുഞ്ഞിനെപ്പോലെ ഞാൻ വിറയൽ കൊള്ളുന്നു

വിജനമായ ദിനങ്ങൾ  പ്രകാശിപ്പിക്കുന്നു... മരങ്ങൾ മുളക്കുന്നു...

ലോകം എന്റെ കൈകുമ്പിളിൽ വന്നിരിക്കുന്നു.

ഇല മഞ്ഞുതുള്ളികളോട് മൊഴിഞ്ഞു

വേഗത കുറക്കൂ ,

എനിക്കോരോ അക്ഷരമായി വായിച്ചു കേൾപ്പിക്കൂ,

ഇല കാറ്റിനോട് മൊഴിഞ്ഞു ,

വേഗത കുറക്കൂ

മഞ്ഞുതുള്ളികളെ തുരത്തരുത്.

എന്തെന്നാൽ, ഞാൻ  അതിന്റെ നഗ്നതയിൽ നിന്ന് ജീവിതം നുകരുന്നു. മേഘത്തിന്റെ കണ്ണുനീർ ഇറ്റിറ്റായി നിലത്തു വീഴുന്നത് ഭൂമിയുടെ ദാഹം തീർക്കാനല്ല,

മരങ്ങളുടെ കാലിനടിയിലെ മണ്ണിനെ ചുംബിക്കാനാണ്.

മറ്റൊരു മേഘം ആകാശത്തിന്റെ ജലം കോരിച്ചേർക്കുന്നു

ഭൂമി മഴയ്ക്ക് മുന്നിൽ തല കുനിക്കുന്നു..

എന്റെ കൂടെ വരൂ... എന്നെ പഠിപ്പിക്കൂ... ഞാൻ നിന്നെയും പഠിപ്പിക്കാം.

എന്നെ പിന്തുടരൂ.. ഞാൻ നിങ്ങളെയും പിന്തുടരും..

മിഥ്യയുമായി പൊരുതാൻ എനിക്കൊപ്പം വരിക..

നാം ഒരു ദ്വീപ് നിർമ്മിക്കുന്നു

അതിന്റെ കല്ലുകൾ സ്വർണ്ണവാക്കുകളാൽ കെട്ടിപ്പടുക്കപ്പെട്ടവയാണ്

അതിലെ മരങ്ങൾ സ്വർണ്ണപ്രണയത്തിൽ വളർന്നവയാണ് ,

.പ്രണയ വിസ യുള്ളവർക്ക് ഞങ്ങൾ ഇവിടെ രാഷ്ട്രീയഭയം നൽകുന്നു

പുലരിയുടെ പിറവിയിൽ

നിലകൊള്ളുന്ന രാത്രിയേ...

വിടുക.

ഒരു പുതിയ പുലരിയെ സ്വാഗതം ചെയ്യാൻ ഞാൻ തയ്യാറാണ്...

എന്നെ എങ്ങനെ പ്രകോപിപ്പിക്കണമെന്ന് ഞാൻ അതിനെ പഠിപ്പിക്കുന്നു

എന്റെ ആത്മാവിലേക്ക് സന്തോഷം എങ്ങിനെ പകരണമെന്നും... എന്റെ ഭ്രാന്തിനെ ഉൾകൊള്ളാൻ ഞാൻ പരിശീലിപ്പിക്കുന്ന പ്രഭാതത്തിന്റെ ആത്മാവിൽ മറ്റൊരു പ്രഭാതമായി ഞാൻ പ്രതിഫലിക്കും

പക്ഷെ എന്റെ കോട്ടയിൽ ദിവസങ്ങൾ

ശരത്കാല ഇലകൾ പോലെ

കൊഴിഞ്ഞു വരികയാണ്..

ഓരോ ഇലയിലും ഒരു സൂര്യൻ അസ്തമിച്ചിരിക്കുകയും

ഒരു കുട്ടി അപ്രത്യക്ഷനാവുകയും ചെയ്യുന്നു.

സങ്കടത്തോടൊപ്പമുള്ള യാത്രയിൽ ഞാൻ എന്റെ ഉള്ളിൽ

ഭൂഖണ്ഡങ്ങളും താരാപഥങ്ങളും ആകാശവും... മണലും കടലും.

കണ്ടെത്തുന്നു.

ഞാൻ സ്വയം ചോദിക്കുന്നു:

ഞാൻ നിന്നെ ഉപേക്ഷിക്കട്ടെ? അതോ ഞാൻ നിന്നിലേക്ക് കടന്നു വരണമോ ?

എനിക്കൊന്നും ഓർമ വരുന്നില്ല.

ഞാൻ ദുഃഖത്തിൽ നിന്ന് അംഗ സ്നാനം ചെയ്യും..

കണ്ണാടിയുടെ മുഖം പോലെയുള്ള

ശോഭനമായ ഒരു പ്രഭാതം തുടങ്ങും..

ഞാൻ എന്റെ വാക്കുകൾ ഉപ്പിൽ
കഴുകുകയും മരവസ്ത്രങ്ങൾ
ധരിക്കുകയും ചെയ്യും.

നിന്റെ പത്തു വിരലുകൾ...

മെഴുകുതിരികൾ എന്റെ മുറിയിൽ
പ്രകാശിക്കുന്നു..

റഞ്ച് സായാഹ്നം...

പർവ്വതത്തിലേക്ക് എത്തി നോക്കുന്ന

രാത്രിയുടെ തോളിൽ

നിന്റെ മുഖം

സന്തോഷത്താൽ

തിളങ്ങുന്നു.

ഇതൊരു മനോഹര സായാഹ്നം മാത്രം...

ഞാൻ സമയം കളഞ്ഞു..

ഞാൻ ഉറങ്ങട്ടെ.

നിങ്ങളോടൊപ്പം ഉണർന്നിരിക്കാൻ ഞാൻ

ചന്ദ്രനെ ഉപേക്ഷിക്കുന്നു.

നിന്റെ പത്തു വിരലുകൾ...

മെഴുകുതിരികൾ എന്റെ മുറിയിൽ പ്രകാശിക്കുന്നു..

ഓറഞ്ച് സായാഹ്നം...

പർവ്വതത്തിലേക്ക് എത്തി നോക്കുന്ന

രാത്രിയുടെ തോളിൽ

നിന്റെ മുഖം

സന്തോഷത്താൽ

തിളങ്ങുന്നു.

ഇതൊരു മനോഹര സായാഹ്നം മാത്രം...

ഞാൻ സമയം കളഞ്ഞു..

ഞാൻ ഉറങ്ങട്ടെ.

നിങ്ങളോടൊപ്പം ഉണർന്നിരിക്കാൻ ഞാൻ

ചന്ദ്രനെ വിട്ടുതരുന്നു

മഴയുടെ നോട്ട്ബുക്ക് ഞാൻ വായിക്കാനിടയായി..അതിനാണെങ്കിൽ വൃക്ഷത്തെയറിയുമോ?

ആ പഴത്തിന്റെ മുഖത്ത് ജലം മുത്തമിടുന്നുണ്ട്.

മഴ

മഴ

മഴ

നമ്മുടെ ജീവിതം

നിറയെ കുഴികൾ നിറഞ്ഞ

ഒരു തരം ശൂന്യതയാണ്..

അവൻ പറഞ്ഞു: ഈ ചിത്രങ്ങൾ..

ജീവിതത്തിന്റെ ആദ്യ വർഷങ്ങളിലെ പോലെ തന്നെ ഇപ്പോഴും..

അതിൽ നിന്ന് രക്ഷപ്പെടൽ ഒരു മരീചികയും.

അതിലേക്കുള്ള വഴികൾ ദുഷ്കരവുമാണ്.

ദുഃഖത്തിന്റെ പ്രഭാതം.. ആഴത്തിൽ കുഴിച്ചിട്ട മുറിവേ.. ഞാൻ സൂര്യരശ്മികളെ

ചേർത്തുപിടിച്ചു

ഹൃദയത്തിന്റെ പൂന്തോട്ടം അടച്ചു.. ഞാൻ നിന്നെ എന്നോടൊപ്പം കണ്ടെത്തി..

പകൽ രാത്രിയായിരുന്നെങ്കിൽ നിന്റെ മുഖത്തിന്റെ വെളിച്ചത്തിൽ അംഗസ്നാനം ചെയ്യാനും

നിന്റെ നെഞ്ചിൻ ചൂടിൽ അഭയം പ്രാപിക്കാനും ഞാൻ ആശിക്കുന്നു

വിദൂര കാലത്ത് നിന്നും വരുന്ന താരകമേ,

സ്നേഹ പുലരി നേരുന്നു.

എന്നോട് പറയൂ:

ഭൂമിയുടെ അമരമാകാൻ അവൻറ കണ്ണുകൾക്ക് ആരാണ് അവകാശം നൽകിയത്?!

നിങ്ങളുടെ കണ്ണുകൾ ഭൂമിയുടെ കേന്ദ്രമെന്നിരിക്കെ

പ്രഭാതത്തിന്റെ വാഹനമാണ് മോഹമെന്നിരിക്കെ

ഹൃദയവൃക്ഷം എവിടെയാണ് ജനിച്ചത്?

ആകാശം അവളുടെ  കറുത്ത മുടി ചീകുന്നു...

ഒപ്പം ഒരു വലിയ മേഘം വൃക്ഷങ്ങളുമായി സംസാരിക്കുന്നു

നദിയെ കല്ലുകൊണ്ട് പ്രഹരിക്കുന്നു

മഴ പ്രതീക്ഷിച്ചു

വയലുകളുടെ നടുവിൽ

മേഘങ്ങൾ ഉയരുന്നു..

വാഗ്ദാനങ്ങളാൽ നിറമുള്ള കാലമേ

ഒരു യാത്രാ ടിക്കറ്റ് എനിക്ക് തന്നാലും

രാത്രിയുടെ മേൽക്കൂരക്ക് കീഴേ

ഞാൻ നിനക്കായി കാത്തിരിക്കുന്നു..
ഞാൻ നിനക്കായി

നക്ഷത്രങ്ങളും ഗ്രഹങ്ങളും കൊണ്ട് നെയ്ത

ഒരു വസ്ത്രം ധരിക്കും.. . എന്റെ വസ്ത്രം
കൊണ്ട് ആകാശത്തെ
അലങ്കരിക്കുകയെന്നത്  മണ്ടത്തരമാണോ
!! നീണ്ട രാത്രിയിലെ ഭീകരതയെ
മറികടക്കാൻ നിന്റെ

പക്കൽ വേറെ വഴിയുണ്ടോ?

എന്റെ നിഷ്കളങ്കമായ മോഹങ്ങൾ .

മറ്റേതോ ലോകത്ത്

രാത്രിയുടെ പുറകിൽ നീയും .

ഞാൻ ഉറങ്ങുമ്പോഴെല്ലാം, യാഥാർത്ഥ്യം സ്വപ്നവുമായി കൂട്ടിയിടിക്കുന്നു

നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും ഇടയിൽ ആകാശത്ത് നിന്ന്

നിങ്ങളുടെ ചിത്രം താഴ്ന്ന് വരുന്നു.

സ്വപ്നത്തെ ഉണർത്താത്ത ,
യാഥാർത്ഥ്യത്തെ മാറ്റാത്ത

വെളുത്ത മഷി എന്റെ മുഖത്ത് ഒഴുകി,

കാത്തിരിപ്പ് ഏകാന്തമാണ്.. രാത്രി പകലിനെ മായ്ച്ചുകളയുന്നു.. ഒപ്പം ഞാൻ മഴ കണങ്ങൾക്കിടയിൽ പറക്കുന്നു..

നിങ്ങളുടെ മുഖത്ത് വരച്ചിരിക്കുന്ന

എൻ ഹൃദയത്തിൻ ആനന്ദം ഞാൻ തേടുന്നു ..

എന്റെ ചിന്തകൾക്ക് മാനം നൽകിയതിനാലും

എന്റ  രാജ്യങ്ങളുടെ താക്കോൽ എന്നെ ഏൽപ്പിച്ചതിനാലും

എല്ലാ അർത്ഥത്തിലും

എന്റെ ലോകം നീ എനിക്ക് തന്നതിനാലും

ഞാൻ നിന്നെ സ്നേഹിക്കുന്നു.. ...

എന്റെ സ്ത്രീത്വത്തിന്റെ നീരുറവകൾ ജ്വലിപ്പിച്ചതിനാലും

എന്റെ ഹൃദയത്തിൽ നിന്റെ ആർദ്രമായ കൈ വെച്ചതിനാലും

ഞാൻ നിന്നെ സ്നേഹിക്കുന്നു.

അപ്പോൾ ഹൃദയം വർണ്ണാഭമായ ചിത്രശലഭങ്ങളും മഴവില്ലുമായി രൂപാന്തരപ്പെട്ടു.

നിങ്ങൾ എന്നെ അനാഥത്വത്തിന്റെ തുരങ്കത്തിൽ നിന്നും

സ്നേഹത്തിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവന്നതിനാൽ

നിങ്ങൾക്ക് നന്ദി.

നിങ്ങളോടൊപ്പം എനിക്ക് എന്നെ കണ്ടെത്താനായതിൽ നിങ്ങളോട് ഞാൻ നന്ദി പറയുന്നു

നിനക്കുമുമ്പ് പ്രണയം ഒരു അനുമാനമായിരുന്നുഎന്റെ സ്ത്രീത്വവും അങ്ങിനെ തന്നെ

എന്റെ പിതാവേ... എന്റെ ഗുരൂ... എന്റെ കാമുകാ നന്ദി,

നീയല്ലാതെ

ഞാനാരാണെന്നറിയാൻ

ആരും എന്റെ ആഴങ്ങളിലേക്ക് ഇറങ്ങി വന്നിട്ടില്ല.

ഞാൻ നിങ്ങളുടെ നാഗരികതകൾക്കിടയിലും എന്റെ അജ്ഞതക്കിടയിലും ഊഞ്ഞാലാടുന്നു...

നിന്റെ ചുണ്ടുകളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എനിക്കറിയില്ല, എന്റെ കയ്യിൽ ഒരു ഗോതമ്പു കതിരുമായി ഞാൻ അവിടെ മുത്തം വെക്കണമോ?

അതോ എന്റെ കയ്യിൽ ഒരു പെട്ടി
തീപ്പെട്ടിയുമായി ഞാൻ ഇരു
അധരത്തിലും മുത്തം വെക്കണമോ?

ഞാൻ നിന്നെ
സ്നേഹിക്കുന്നുവെന്നതിനാൽ

ഞാൻ എന്നെത്തന്നെ ശിക്ഷക്കണമോ?

നിങ്ങളുടെ ശബ്ദത്തിന്റെ പൂന്തോട്ടത്തിൽ
നിന്ന് സംഗീതം തിരഞ്ഞെടുക്കുന്നതിൽ
ഞാൻ പിൻമാറിയിട്ടില്ലാത്തതിനാൽ ഞാൻ
എന്നെ തന്നെ ശിക്ഷിക്കണമോ?

എന്റെ സൽ ബുദ്ധി കാരണം ഞാൻ
എന്നെത്തന്നെ ശിക്ഷിക്കണോ? അതോ
ഭ്രാന്തെന്ന അനുഗ്രഹത്തിന് ഞാൻ
അവളോട് നന്ദി പറയണോ?

എന്റെ കുട്ടിക്കാലത്ത് അച്ഛൻ വീടിന്റെ
പൂന്തോട്ടത്തിൽ നിന്ന് റോസാപ്പൂ
പറിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

അദ്ധേഹം എന്റെ അമ്മയുടെ പുഞ്ചിരി പറിച്ചെടുക്കുന്നതായി എനിക്ക് അനുഭവപെട്ടിട്ടുണ്ട്.

# 8

ഓരോ അധിനിവേശവും
കാരണമില്ലാതെയാണ് കടന്നു വരുന്നത്

യുക്തിയില്ലാതെ പ്രവർത്തിക്കുകയും
ചെയ്യുന്നു.

അവർ ആയുധങ്ങൾ ഉപയോഗിച്ച്
അവരുടെ താൽപ്പര്യങ്ങൾ
സംരക്ഷിക്കുന്നു, നമ്മൾ പേനകൾ
ഉപയോഗിച്ച് നമ്മുടെ നാടിനെ
സംരക്ഷിക്കുന്നു

ആകാശം ഇടുങ്ങിയതായി മാറിയ ,

വായു മലിനീകരിക്കപ്പെട്ട , പച്ചയായ വൃക്ഷങ്ങൾ നന്നേ ചുരുങ്ങിയതായി നമ്മക്ക് തോന്നുന്ന നാട്ടിൽ

സ്വാതന്ത്ര്യം നേടിയ ഒരു സ്ത്രീയാണു ഞാൻ .

എന്റെ വിരലുകൾ സ്വാതന്ത്ര്യത്തോടെ കടലാസിൽ ഉരുളുന്നതായി

രാത്രിയും പകലും അനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

കോൺക്രീറ്റ് ജന്മദേശങ്ങളിൽ... ഭാഷയ്ക്ക് പരിമിതികളില്ല... എന്നാൽ സ്വാതന്ത്ര്യത്തിന്റെ ഇടം ഇടുങ്ങിയതാണ്.

എഴുത്ത് അസാധ്യമായ ഒരിനമായിമാറിയിരിക്കുന്നു.

കോൺക്രീറ്റ് ഭിത്തിയിൽ ദ്വാരങ്ങൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു.

മാതൃരാജ്യത്തെ പ്രതിരോധിക്കാൻ വിദ്യാഭ്യാസം, ആരോഗ്യം, ആയുധം

തുടങ്ങിയവ അത്യാവശ്യമായത്  പോലെ എഴുത്തും അത്യാവശ്യമാണ്

നിരാശയുടെയും മോഹഭംഗത്തിന്റെയും കാടാണു ഞാൻ.

ഞാൻ എന്റെ രാജ്യത്തേക്ക് സന്തോഷത്തിന്റെ

ഒരു കിരീടം കൊണ്ടുവന്നു

അവർ  എനിക്ക് അട്ടഹാസവും അന്ധകാരവും തിരികെ നൽകി

സംസാരത്തിന്റെ ശകലങ്ങളിൽ നിന്ന് എങ്ങനെ ഭാവി കെട്ടിപ്പടുക്കാം?

ഞങ്ങൾ മാതൃകപരമായ ശ്മശാന സമാന ജനവിഭാഗമാണ്.

സാഹിത്യകാരൻമാർ മരിക്കാൻ കാത്തിരിക്കുകയാണ് ഞങ്ങൾ അവരെ ആദരിക്കാൻ .

ഉണങ്ങാത്ത മുറിവായി ശേഷിക്കുന്നുണ്ടെങ്കിലും

പലസ്തീൻ വേദനയ്ക്ക്

മിടിക്കാത്തൊരു ഹൃദയമുണ്ട്.

അതിന്റെ കോശങ്ങളിൽ സ്വാതന്ത്ര്യം ഒളിഞ്ഞിരിക്കുന്നുണ്ട്.

ഈ ലോകത്തിന്റെ ഗർഭപാത്രം സ്വതന്ത്രരായ ആളുകൾകളെ ഉൾകൊള്ളാൻ മാത്രം വികസിക്കില്ലേ?

കാലത്തിന്റെ രാത്രിയെ ഭേതിക്കുന്ന ഒരു പ്രകാശമായി ഞാൻ അതിനെ വരയ്ക്കുന്നു...

അവ്യക്തതയുടെ മേലങ്കിയണഞ്ഞു

അവൻ എന്നിലേക്ക് കടന്നു വരുന്നു,

അവന്റെ അധരങ്ങളിൽ തത്തി കളിക്കുന്ന പദാവലികൾ കൊണ്ടതിനെ വ്യാഖ്യാനിക്കുന്നു.

നിഗൂഢതകൾ നിറഞ്ഞതാണവന്റെ ഇരു കണ്ണുകളും .

ലോകത്തിന്റെ ഹൃദയത്തിനേറ്റ മുറിവാണവൻ.

അവൻ മുറിവും സ്വപ്നവുമാണ്.

ഭാവിയിൽ കാര്യങ്ങൾ മെച്ചപ്പെടുമെന്ന്
കരുതി

ചരിത്രത്തെ കാത്തിരിക്കുന്ന
അറബിയാണവൻ.

ജീവിതാവസാനം

മരണം വാതിലിൽ മുട്ടി...

അവൻ പുസ്തകം അടച്ചു..

അത് അവസാന നിമിഷമായിരുന്നു.

പിന്നെ ഞാൻ മണ്ണിനടിയിൽ നിന്നാണ്
മന്ത്രിക്കുന്നത്.

ഇതാണ് യാത്രയുടെ തുടക്കം.

യാത്രയായവൻ യാത്രയായി.

എന്റെ സ്വപ്നങ്ങൾ

ഒരു വണ്ടി ചാരം വലിച്ചിഴച്ച്

ഇരുട്ടിന്റെ വിടവുകളിലേക്ക്

കടന്നു വരുന്നു.

ഒരു വെളുത്ത പർവതവും.. വെള്ളി
നിറമുള്ള ഒരു ചന്ദ്രനും.. എന്റെ പ്രിയതമൻ

അതിന്റെ വെളിച്ചത്തിൽ തഴുകി എന്റെ മടിയിലേക്ക് വീഴുന്നു..

വെള്ള വസ്ത്രത്തിൽ

കാറ്റിന്റെ വാതിലിൽ തട്ടുന്ന

വിറയാർന്ന റാന്തലുമേന്തി

ഞാൻ എന്റെ വാസസ്ഥലത്തേക്ക് മടങ്ങി.

നിങ്ങൾ കൂടെയുള്ള

വിദൂര പ്രവാസത്തിനായി ഞാൻ കൊതിക്കുന്നു.

ദൂരേ

ഒരു രൂപം വിളിക്കുന്നതായി ഞാൻ കാണുന്നു:

എന്റെ സ്ഥാനത്ത് ഞാനുണ്ട്..

ഓർമ്മയുടെ വനത്തിൽ നിന്ന് ഉതിർന്ന് വീഴുന്ന

പെർഫ്യൂമിന്റെ

സിംഫണി എന്നെ പിച്ചിചീന്തുന്നു,

എന്നിൽ തങ്ങി നിൽക്കുന്നു ,

എന്നെ ഉയരങ്ങളിലേക്ക് കൊണ്ടു പോയി

വയലറ്റ് മേഘത്തിൽ

ഇറക്കി വെക്കുന്നു.

പിന്നെ ഞാൻ ഇവിടെ തന്നെയുണ്ട്.

മരണത്തിന്റെ സിംഫണി അതിന്റെ
വേലിയേറ്റത്തിലും
വേലിയിറക്കത്തിലുംഞാൻ
നിരീക്ഷിക്കുന്നു.

നമ്മുടെ സ്വപ്നങ്ങളെ പൊതിയുന്ന കഫൻ
പുടവയായി ലോകം മാറുമ്പോൾ ,

എല്ലാ കോണുകളിലും നാം തിരയുന്ന

മരണം നമ്മുടെ ചങ്ങാതിയായി മാറുന്നു.

നമ്മുടെ സ്വപ്നങ്ങൾ

മരുഭൂമിയിൽ നിന്ന് മരുഭൂമിയിലേക്ക്
നീങ്ങുന്ന ധൂളികമായി മാറുമ്പോൾ

ലോകം

അർത്ഥമില്ലാത്ത ഇടമായി മാറുന്നു.

പ്രതീക്ഷകളുടെ കിണറുകൾ വറ്റുമ്പോൾ..

കത്തിക്കാൻ പറ്റിയ

ഉണങ്ങിയ മരമായി നാം മാറുന്നു.

നിരാശ നമ്മുടെ മനസ്സിൽ
കുടികൊള്ളുമ്പോൾ  സ്വപ്നങ്ങൾ
മരീചികകളാകുന്നു.

മരണം തന്റെ കറുത്ത വേലങ്കി ധരിച്ച് ഒരു
സന്ദർശകനായി കടന്നു വരുന്നു, അവൻ
എന്നെ എല്ലാ ഭാഗത്തുനിന്നും വലയം
ചെയുന്നു, എന്റെ പൂന്തോട്ടത്തിൽ വളരുന്ന
എല്ലാ പൂക്കളെയും

എന്റെ സങ്കടകരമായ ആത്മാവിനുള്ളിൽ
പാടുന്ന എല്ലാ കുരുവികളെയും
കൊന്നൊടുക്കാനും

ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുന്നു.

ഇതാ ഞാൻ അവനെ സ്വീകരിക്കുന്നു..

എത്ര തവണയെന്ന്

അവൻ എന്റെയടുത്ത് വന്നതെന്ന്

എനിക്ക് ഓർമയില്ല..

അവൻ കടന്നുപോകുന്ന അനേകരിൽ
ഒരാൾ മാത്രമാണു ഞാൻ.

മരണം തന്റെ കറുത്ത മേലങ്കി ധരിച്ച് ഒരു സന്ദർശകനായി കടന്നു വരുന്നു, അവൻ എന്നെ എല്ലാ ഭാഗത്തുനിന്നും വലയം ചെയുന്നു, എന്റെ പൂന്തോട്ടത്തിൽ വളരുന്ന എല്ലാ പൂക്കളെയും

എന്റെ സങ്കടകരമായ ആത്മാവിനുള്ളിൽ പാടുന്ന എല്ലാ കുരുവികളെയും കൊന്നൊടുക്കാനും

ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുന്നു.

ഇതാ ഞാൻ അവനെ സ്വീകരിക്കുന്നു..

എത്ര തവണയെന്ന്

അവൻ എന്റെയടുത്ത് വന്നതെന്ന്

എനിക്ക് ഓർമയില്ല..

അവൻ കടന്നുപോകുന്ന അനേകരിൽ ഒരാൾ മാത്രമാണു ഞാൻ.

എന്റെ അടുത്ത് വരുമ്പോഴെല്ലാം എന്നെ പീഡിപ്പിക്കുന്ന രീതിയും എന്റെ

നെഞ്ചിലേക്ക് അവൻ നയിക്കുന്ന തരം ആയുധവും

എനിക്ക് നൽകുന്ന വിഷത്തിന്റെ അളവും സംബന്ധിച്ച് അവൻ ആശയക്കുഴപ്പത്തിലാണ് !!

മരണമേ,

എന്നെ കൂടെ കൊണ്ടുപോകാൻ നീ വരുമ്പോൾ

നിന്നെ ഞാൻ സുന്ദരിയായി കാണുന്നു

പക്ഷെ നിന്റെ കൈ എന്റെ തോട്ടങ്ങളിലേക്ക് നീണ്ടാൽ നിന്നെ ഞാൻ മരണത്തോളം വിരൂപനായി കാണും .

കാമുകനായ എന്റെ രാത്രി,

ആദ്യ വാക്കുകൾ

ചുമരിൽ വരച്ച കുട്ടിയെ പോലെയാണ്.

ചന്ദ്രനോടും നക്ഷത്രങ്ങളോടും അസൂയ കാണിക്കുന്ന ലില്ലി പൂവാണ് എന്റെ രാത്രി.

എന്റെ രാത്രി എന്റെ രാത്രിയോട് തന്നെ പോരാട്ടത്തിലാണ്.

രാത്രി എന്റെ കണ്ണുകളിൽ ഒഴുകുന്നു,
എന്നെക്കാൾ എന്നെക്കുറിച്ച്

അറിവ് നിനക്കാണ്.

നിന്റെ ഓർമ്മകൾ എന്നേക്കാൾ എനിക്ക്
അടുത്താണ്,

നീ എന്നിൽ നിന്ന് അകന്നിരിക്കുമ്പോഴും
നിന്റെ ശ്വാസം എന്നെ പൊള്ളിക്കുന്നു,

നീ അദൃശ്യനായി
വിദൂരതയിലാണെങ്കിലും നിന്റെ
മുഖമാകുന്ന പുസ്തകം വായിച്ചു

ഞാൻ എന്റെ മുറിയിലുണ്ട്..

രാത്രിയേ

അടുത്തു വരൂ, ... എന്റെ ഇടുങ്ങിയ
മാറിടത്തിലെ കുഴിമാടത്തിൽ വസിക്കൂ.

എന്നിട്ട്

ആകാശത്തിന്റെ നോട്ടു പുസ്തകത്തിൽ

എന്റെ നിഴലും എന്റെ പ്രിയതമയുടെ
നിഴലും വരയ്ക്കൂ.

വേഗം നേരം വെളുക്കട്ടെ .

എന്റെ വേദനയേ... എന്നിൽ നിന്ന്
മരണഭാരം നീക്കുക. ജന്മനാട്ടിൽ   എന്റെ
രാജകുമാരനെ തിരയുന്ന
അപരിചിതനാണു ഞാൻ .

എന്റെ ദിനങ്ങളുടെ കുപ്പിയിൽ നിന്ന്

സുഗന്ധം

ആവിയായി.

പകൽ  ഇപ്പോഴും...

തന്റെ സായാഹ്ന വസ്ത്രം ധരിക്കുന്നു.

മലയുടെ പിന്നിൽ നിന്ന് രാത്രി നിദ്രക്ക്
തയ്യാറെടുക്കുന്നു.

വടക്കൻ രാത്രികൾ ഏത്ര ക്രൂരമാണ്

വെളുത്ത കുപ്പായം ഒഴിച്ചു നിർത്തിയാൽ

വൃക്ഷങ്ങൾ നഗ്നമാണ്..

എന്റെ കൺപോളകൾക്ക് കീഴിൽ
മേഘങ്ങൾ തിങ്ങി നിറയുന്നു.

എന്റെ പേപ്പറുകൾ അലക്ഷ്യമായി
വിതറിയ

ചോരയൊലിക്കുന്ന മുറിവാണ്
അന്ധകാരം.

എന്റെ ഓർമ്മകൾ

രാത്രിയുടെ പാദങ്ങളിൽ നിങ്ങളെ
പിന്തുടർന്ന് സഞ്ചരിക്കുകയാണ്

ഞങ്ങൾ രണ്ടുപേരും പരസ്പരം
വായിക്കുകയാണ

എന്റെ പകലിന്റെ അവസാനം
രാത്രിയോ? അതോ എന്റെ രാത്രിയുടെ
അവസാനം പകലോ ?

വേദന കാലത്തെ രൂപപ്പെടുത്തുന്നു...

ഉത്കണ്ഠയാണ് സ്ഥലത്തിന്റെ യജമാനൻ.

തന്റെ കഴിഞ്ഞ ദിനങ്ങൾ തിരഞ്ഞ്

കട്ടിലിന്റെ ചാരത്ത് പ്രണയമിരിക്കുന്നു...

എന്റെ സങ്കടം നീ മനസ്സിലാക്കുന്നത് വരെ ‹ഞാൻ എഴുതിയത് നീ വീണ്ടും വായിക്കുക